03
2025
ഡിസംബർ
ബുധൻ
വൃശ്ചികം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 292 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-292 | പേജ് 4. വില 2.00 രൂപ






02 റീൽസ്, വാട്സ്ആപ്പ് ഗ്രൂപ്പ് നിരീക്ഷണം കർശനമാക്കി

03 സുമാത്ര വെള്ളപ്പൊക്കവും മണ്ണിടിച്ചിലും; മരണം 303, 300 പേരെ കാണാനില്ല

04 അടച്ചിട്ട കോടതിയിൽ പരിഗണിക്കണം: പുതിയ ഹർജിയുമായി രാഹുൽ


# പുതിയ സൈബർ സുരക്ഷാ ആപ്പ് ഉൾപ്പെടുത്താൻ 'രഹസ്യ' നിർദേശം

ന്യൂഡൽഹി: എല്ലാ പുതിയ മൊബൈൽ ഫോണുകളിലും സൈബർ സുരക്ഷാ ആപ്പായ 'സഞ്ചാർ സാഥി ആപ്പ്' പ്രീലോഡ് ചെയ്യാൻ സ്മാർട് ഫോൺ നിർമാതാക്കൾക്ക് കേന്ദ്രസർക്കാരിൻറെ 'രഹസ്യ' നിർദേശം.

ഫോണിൽനിന്ന് നീക്കം ചെയ്യാൻ കഴിയാത്ത വിധത്തിൽ മൊബൈലുകളിൽ ആപ്പ് ഉൾപ്പെടുത്തണമെന്നാണ് കേന്ദ്ര ടെലികോം മന്ത്രാലയം ഫോൺ നിർമാതാക്കളോട് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. കേന്ദ്ര സർക്കാർ നവംബർ 28നു പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിൻറെ ആധികാരികത റോയിട്ടേഴ്സ് സ്ഥിരീകരിച്ചിട്ടുണ്ട്. ഉപയോക്താക്കൾക്ക് പ്രവർത്തനരഹിതമാക്കാൻ കഴിയരുതെന്ന വ്യവസ്ഥയോടെ സൈബർ സുരക്ഷ ആപ്പ് പ്രീ-ഇൻസ്റ്റാൾ ചെയ്യണമെന്നാണ് സർക്കാർ സ്വകാര്യ കമ്പനികൾക്ക് മാത്രമായി അയച്ചിരിക്കുന്ന ഉത്തരവിലെ നിർദേശം.

ആപ്പ് പുതിയ ഫോണുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കമ്പനികൾക്ക് 90 ദിവസത്തെ സമയമാണ് കേന്ദ്രം നൽകിയിരിക്കുന്നത്. വിതരണ ശൃംഖലയിൽ ഇതിനോടകമുള്ള ഫോണുകളിൽ സോഫ്റ്റ്വേർ അപ്ഡേറ്റുകളിലൂടെ ആപ്പുകൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രം നിർദേശിക്കുന്നു.

ടെലികോം സൈബർ സുരക്ഷയുടെ ഗുരുതരമായ അപകടാവസ്ഥയെ ചെറുക്കാനാണ് ആപ്പെന്നും നഷ്ടപ്പെട്ട ഫോണുകൾ ഉടമസ്ഥർക്ക് തിരികെ ലഭിക്കാൻ ആപ്പ് സഹായിക്കുമെന്നും കേന്ദ്രം വിശദീകരിക്കുന്നുണ്ടെങ്കിലും ഉപയോക്താക്കളുടെ അനുമതിയില്ലാതെ ഇത്തരമൊരു ആപ്പ് ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യുന്നത് ആശങ്കകൾക്ക് വഴിവച്ചിട്ടുണ്ട്.

റഷ്യൻ സർക്കാരിൻറെ മെസഞ്ചർ ആപ്പായ 'മാക്സ്' രാജ്യത്തെ എല്ലാ സ്മാർട്ഫോണുകളിലും ടാബ്ലറ്റുകളിലും പ്രീ-ഇൻസറ്റാൾ ചെയ്യണമെന്ന റഷ്യൻ സർക്കാരിൻറെ ഉത്തരവ് വൻ വിമർശനങ്ങൾക്ക് വഴിവച്ചതിനു പിന്നാലെയാണ് ഇന്ത്യയിലും സമാനനീക്കം.

സർക്കാരിൻറെ കണക്കുകളനുസരിച്ച് സഞ്ചാർ സാഥി ആപ്പ് ജനുവരിയിൽ അവതരിപ്പിച്ചതിനു ശേഷം 7,00, 000 നഷ്ടപ്പെട്ട ഫോണുകൾ (ഒക്ടോബറിലെ 50, 000 ഉൾപ്പെടെ) വീണ്ടെടുക്കാൻ കഴിഞ്ഞെന്ന് റോയിട്ടേഴ്സ് ചൂണ്ടിക്കാട്ടുന്നു. എന്നാൽ സർക്കാരിൻറെ സ്വകാര്യ നിർദേശത്തോട് ആപ്പിൾ, ഗൂഗിൾ, സാംസംഗ്, ഷവോമി തുടങ്ങിയ സ്മാർട്ഫോണുകൾ പരസ്യമായി പ്രതികരിച്ചിട്ടില്ല.

സ്മാർട്ഫോണുകളുടെ വിൽപനയ്ക്ക് മുമ്പ് കേന്ദ്രത്തിൻറെയൊ മറ്റു മൂന്നാം കക്ഷികളുടെയോ ആപ്പുകൾ പ്രീ-ഇൻസ്റ്റാൾ ചെയ്യുന്നത് ചില കമ്പനികൾ വിലക്കുന്നതിനാൽ കേന്ദ്ര ഉത്തരവിനെ എങ്ങനെ സ്വീകരിച്ചുവെന്ന് വ്യക്തമല്ല. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് കമ്പനികളുമായി കൂടിയാലോചിക്കാത്തത് സ്മാർട്ഫോൺ നിർമാതാക്കളിൽ ആശങ്കയ്ക്ക് ഇടവരുത്തിയിട്ടുണ്ടെന്നാണ് സൂചന.

# രാഹുൽ മാങ്കൂട്ടത്തിൽ ക്രൂരമായി പീഡിപ്പിച്ചു, പരാതിയുമായി മറ്റൊരു യുവതി

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ പീഡന പരാതി നൽകി മറ്റൊരു യുവതി. രാഹുൽ ലൈംഗീകമായി പീഡിപ്പിച്ച ശേഷം ബന്ധത്തിൽ നിന്നും പിന്മാറിയെന്നാണ് പരാതിക്കാരി ആരോപിക്കുന്നത്.

കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധിക്കും പ്രിയങ്കാ ഗാന്ധിക്കും യുവതി പരാതി നൽകി. കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫിനും പരാതി നൽകിയതായി പെൺകുട്ടി പറഞ്ഞു. എന്നാൽ നടപടി സ്വീകരിക്കാത്തത് വേദനിപ്പിച്ചെന്നും അവർ വ്യക്തമാക്കി.

രാഹുലുമായി സൗഹൃദമുണ്ടായിരുന്നു. വിവാഹക്കാര്യം വീട്ടിൽ അറിയിച്ചപ്പോൾ രാഹുലിന് ജോലി ഇല്ലാത്തതിനാൽ വീട്ടുകാർ ബന്ധം വേണ്ടെന്ന് വച്ചു. എന്നാൽ രാഹുൽ യൂത്ത് കോൺഗ്രസ് അധ്യക്ഷനായപ്പോൾ വീട്ടുകാർ താൽപര്യം പ്രകടിപ്പിച്ചുവെന്നും പെൺകുട്ടി പരാതിയിൽ പറയുന്നു.

രാഹുലും സുഹൃത്ത് ഫെന്നി നൈനാനും ചേർന്ന് കാറിൽ തന്നെ ഹോംസ്റ്റേയിൽ എത്തിച്ചെന്നും ബലംപ്രയോഗിച്ച് പീഡിപ്പിച്ചെന്നും ഗർഭം ധരിക്കാൻ രാഹുൽ നിർബന്ധിച്ചുവെന്നും പെൺകുട്ടി പറയുന്നു.

പിന്നീട് ഇയാൾ വിവാഹത്തിൽ നിന്നും പിന്മാറി. ഇത് തന്നെ മാനസികമായും ശാരീരികമായും തളർത്തി. പോലീസിൽ പരാതി നൽകാത്തത് ഭയം കാരണമെന്നും യുവതി പരാതിയിൽ ആരോപിക്കുന്നു.

# വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ; സമയ പരിധി നീട്ടാൻ വിസമ്മതിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: വഖഫ് ഭേദഗതി നിയമപ്രകാരം വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടാൻ വിസമ്മതിച്ച് സുപ്രീംകോടതി.

നിയമത്തിലെ സെക്ഷൻ 3ബി പ്രകാരം സ്വത്തുക്കൾ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് നിയമപ്രകാരം സമയ പരിധി നീട്ടുന്നതിനായി വഖഫ് ട്രിബ്യൂണലിനെ സമീപിക്കാമെന്ന് ജസ്റ്റീസുമാരായ ദീപാങ്കർ ദത്ത, അഗസ്റ്റിൻ ജോർജ് മാസിഹ് എന്നിവരുടെ ബെഞ്ച് നിർദേശിച്ചു. വഖഫ് സ്വത്തുക്കളുടെ ഓൺലൈൻ രജിസ്ട്രേഷനായി കേന്ദ്ര സർക്കാർ ആരംഭിച്ച ഉമീദ് പോർട്ടലുമായി (യുഎംഇഐഡി) ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കാനും കോടതി വിസമ്മതിച്ചു.

വഖഫ് ഭേദഗതി നിയമം 2025 പ്രാബല്യത്തിൽ വന്നതുമുതൽ എല്ലാ വഖഫ് സ്വത്തുക്കളുടെയും നിർബന്ധിത രജിട്രേഷന് ആറ് മാസത്തെ സമയപരിധി കേന്ദ്രസർക്കാർ നൽകിയിരുന്നു. അതിനായി കേന്ദ്രസർക്കാർ ഉമീദ് പോർട്ടലും ആരംഭിച്ചു. കേന്ദ്ര സർക്കാർ അനുവദിച്ച സമയപരിധി ഈയാഴ്ച അവസാനിക്കാനിരിക്കെയാണ് ഹർജിക്കാർ സുപ്രീംകോടതിയെ സമീപിച്ചത്. എന്നാൽ വിഷയത്തിൽ ഇടപെടാൻ ബെഞ്ച് വിസമ്മതിച്ചു.

കേന്ദ്രസർക്കാർ ഈ വർഷം ഏപ്രിലിൽ പാസാക്കിയ വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായ് അധ്യക്ഷനായ ബെഞ്ച് സ്റ്റേ ചെയ്തിരുന്നെങ്കിലും.

വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ സ്റ്റേ ചെയ്യാൻ സുപ്രീംകോടതി വിസമ്മതിച്ചിരുന്നു. നിയമം ഭേദഗതി ചെയ്യുന്നതിന് മുൻപും ഇത്തരമൊരു വ്യവസ്ഥ നിലനിന്നിരുന്നു എന്ന് ചൂണ്ടിക്കാട്ടിയായിരുന്നു നടപടി.

# ശബരിമല സ്വർണക്കൊള്ള: കൂടുതൽ സമയം വേണമെന്ന് എസ്ഐടി

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കൊള്ള ക്കേസിൽ അന്വേഷണത്തിന് കൂടുതൽ സമയം വേണമെന്ന് പ്രത്യേക അന്വേഷണ സംഘം തീരുമാനിച്ചു. ബുധനാഴ്ച ഹൈക്കോടതിയിൽ നൽകുന്ന ഇടക്കാല റിപ്പോർട്ടിൽ ഈ ആവശ്യം അറിയിക്കും.

കേസിൽ പല ഉന്നതർക്കും ബന്ധമുണ്ടെന്ന് സംശയിക്കുന്നു. കൂടാതെ അന്തർ സംസ്ഥാന ബന്ധങ്ങളും അന്വേഷിക്കേണ്ടതുണ്ട്. അതിനാൽ കുടുതൽ സമയം വേണമെന്നാണ് അന്വേഷണ സംഘത്തിന്റെ ആവശ്യം.

ശബരിമല സ്വർണക്കൊള്ളകേസിൽ ഉണ്ണികൃഷ്ണൻ പോറ്റി, മുരാരി ബാബു, മുൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരായിരുന്ന സുധീഷ് കുമാർ, കെ. ബൈജു, മുൻ ബോർഡ് പ്രസിഡൻറും ദേവസ്വം കമ്മീഷണറുമായിരുന്ന എൻ. വാസു, മുൻ ദേവസ്വം ബോർഡ് പ്രസിഡൻറ് എ. പത്മകുമാർ ഉൾപ്പെടെയുള്ളവരാണ് അറസ്റ്റിലായി ജയിലിൽ കഴിയുന്നത്.

ഉണ്ണികൃഷ്ണൻ പോറ്റി സർക്കാരിനും മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനും നൽകിയ അപേക്ഷ പരിഗണിച്ചാണ് സർക്കാരിന്റെ നിർദേശാനുസരണം സ്വർണപ്പാളി ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയതെന്നാണ് പത്മകുമാർ മൊഴി നൽകിയത്. ഉണ്ണികൃഷ്ണൻ പോറ്റിക്ക് കടകംപള്ളി സുരേന്ദ്രനുമായും തന്ത്രിയുമായും തന്നെക്കാൾ അടുത്ത ബന്ധമുണ്ടെന്നും പത്മകുമാർ മൊഴി നൽകിയിരുന്നു.

ഇതേത്തുടർന്ന് തന്ത്രിമാരിൽ നിന്ന് അന്വേഷണ സംഘം മൊഴി രേഖപ്പെടുത്തിയിരുന്നു. എന്നാൽ കടകംപള്ളി സുരേന്ദ്രനിൽ നിന്നു മൊഴിയെടുത്തിയിരുന്നില്ല. കോടതി നിർദേശാനുസരണം മാത്രമായിരിക്കും കടകംപള്ളിയുടെ മൊഴി രേഖപ്പെടുത്തുക എന്നാണ് ലഭിക്കുന്ന വിവരം.

## വൈറ്റ്കോളർ ഭീകരത: കാഷ്മീരിൽ എൻഐഎ റെയ്ഡ്

ശ്രീനഗർ: ഡൽഹി ചെങ്കോട്ട ചാവേർ സ്ഫോടനവുമായി ബന്ധപ്പെട്ട് ജമ്മു കാഷ്മീരിൽ പുൽവാമ, ഷോപിയാൻ എന്നിവിടങ്ങളിലുൾപ്പെടെ എട്ടിടങ്ങളിൽ ദേശീയ അന്വേഷണ ഏജൻസി ഇന്നലെ റെയ്ഡ് നടത്തി.

ഷോപിയാനിൽ മൗലവി ഇർഫാൻ അഹമ്മദ് വാഗെയുടെ വസതിയിലും എൻഐഎ റെയ്ഡ് നടത്തി. രാജ്യത്തെ വെള്ളക്കോളർ ഭീകരതയുടെ മുഖ്യ ആസൂത്രകരിൽ ഒരാളാണ് മൗലവി ഇർഫാൻ അഹമ്മദ് വാഗെ എന്ന് ഡൽഹി സ്ഫോടനത്തിനുശേഷം എൻഐഎയ്ക്കു വിവരം ലഭിച്ചിരുന്നു.

ഒക്ടോബറിലാണ് വാഗെയെ എൻഐഎ കസ്റ്റഡിയിലെടുത്തത്.

# തിരുവനന്തപുരത്ത് ബ്രഹ്മോസ് മിസൈൽ നിർമാണ യുണിറ്റ്; സ്ഥലം അനുവദിക്കാൻ അനുമതി നൽകി സുപ്രീംകോടതി

ന്യൂഡൽഹി: തിരുവനന്തപുരം കാട്ടാക്കടയിലെ നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലെ 180 ഏക്കർ ഭൂമി ബ്രഹ്മോസ് മിസൈൽ നിർമാണ യുണിറ്റ് സ്ഥാപിക്കുന്നതിന് കൈമാറാൻ സുപ്രീംകോടതി അനുമതി.

ഡിആർഡിഒയ്ക്ക് ഭൂമി കൈമാറാൻ ആണ് സുപ്രീംകോടതി കേരള സർക്കാരിന് അനുമതി നൽകിയത്. നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലെ 32 ഏക്കർ ഭൂമി നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി സ്ഥാപിക്കാനായി നൽകാനും സുപ്രീംകോടതി അനുമതി നൽകി.

ഇതിനുപുറമെ സശസ്ത്ര സീമ ബൽ ബറ്റാലിയന്റെ ഹെഡ് ക്വാട്ടേഴ്സ് സ്ഥാപിക്കാൻ 32 ഏക്കർ ഭൂമി കൈമാറാനും സംസ്ഥാന സർക്കാരിന് സുപ്രീംകോടതി അനുമതി നൽകി.

ബ്രഹ്മോസ് എയ്റോസ്പേസ് ട്രിവാൻഡ്രം ലിമിറ്റഡിന്റെ വികസനത്തിന്റെ ഭാഗമായി ഭൂമി അനുവദിക്കണമെന്ന് കേരള സർക്കാരിനോട് ഡിആർഡിഒ ആവശ്യപ്പെട്ടിരുന്നു. അത്യാധുനിക മിസൈൽ നിർമാണത്തിനും തന്ത്രപ്രധാനമായ ഹാർഡ്വെയർ നിർമാണത്തിനുമായുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ഡിആർഡിഒ ഭൂമി ഭൂമി ആവശ്യപ്പെട്ടത്.

ബ്രഹ്മോസ് എയ്റോസ്പേസ് ട്രിവാൻഡ്രം ലിമിറ്റഡിനെ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനേക്കുറിച്ചും കേന്ദ്ര സർക്കാർ ആലോചിക്കുന്നുണ്ട്.

സശസ്ത്ര സീമ ബലിന്റെ ബറ്റാലിയൻ ഹെഡ് ക്വാട്ടേഴ്സ് കേരളത്തിൽ ആരംഭിക്കണമെന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ദീർഘകാല ആവശ്യമാണ്.

ബറ്റാലിയൻ ഹെഡ് ക്വാട്ടേഴ്സ് നിലവിൽവരുന്നതോടെ കേരളത്തിൽ കേന്ദ്ര സേനയുടെ സ്ഥിരം സാന്നിധ്യം ഉണ്ടാകും.

# കെഎസ്ആർടിസി ബസ് തടഞ്ഞ സംഭവം; ആര്യ രാജേന്ദ്രനെയും സച്ചിൻ ദേവ് എംഎൽഎയെയും കുറ്റപത്രത്തിൽനിന്ന് ഒഴിവാക്കി

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് തടഞ്ഞ കേസിൽ മേയർ ആര്യ രാജേന്ദ്രനെയും ഭർത്താവ് സച്ചിൻദേവ് എംഎൽഎയെയും കുറ്റപത്രത്തിൽ നിന്നും ഒഴിവാക്കി. മേയറുടെ സഹോദരൻ അരവിന്ദ് മാത്രമാണ് കേസിൽ പ്രതി.

കെഎസ്ആർടിസി ബസിന്റെ ഡ്രൈവറായിരുന്ന യദു നൽകിയ സ്വകാര്യ ഹർജി പരിഗണിച്ച് കോടതി നേരിട്ട് കേസ് എടുക്കാൻ നിർദേശിച്ചത് അനുസരിച്ചാണ് കേസ് എടുത്തത്. തിരുവനന്തപുര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് കേസ് പരിഗണിക്കുന്നത്.

2024 ഏപ്രിൽ 27 ന് രാത്രി 10ന് പാളയം സാഫല്യം കോംപ്ലക്സിന് മുന്നിൽ വച്ചാണ് സംഭവം. മേയറും ഭർത്താവും അടക്കമുള്ളവർ സഞ്ചരിച്ചിരുന്ന സ്വകാര്യ വാഹനം കെഎസ്ആർടിസി ബസ് തടയുകയും ഡ്രൈവറുമായി വാക്കു തർക്കം ഉണ്ടാവുകയുമായിരുന്നു. സംഭവത്തിൽ യദുവിന്റെ പരാതിയിൽ പോലീസ് കേസെടുത്തിരുന്നില്ല. എന്നാൽ യദു മോശമായി പെരുമാറിയെന്ന മേയർ ആര്യ രാജേന്ദ്രൻ നൽകിയ പരാതിയിൽ യദുവിനെതിരെ പോലീസ് കേസെടുത്തിരുന്നു. തുടർന്ന് യദു കോടതിയെ സമീപിക്കുകയും കോടതിയുടെ നിർദേശത്തെ തുടർന്ന് ആര്യാ രാജേന്ദ്രനും സച്ചിൻ ദേവ് എംഎൽഎയും ഉൾപ്പടെയുള്ളവർക്കെതിരെ കൻറോൺമെൻറ് പോലീസ് കേസെടുത്തു.

ഔദ്യോഗിക കൃത്യനിർവഹണം തടഞ്ഞു, അസഭ്യം പറഞ്ഞു, വാഹനത്തിനുള്ളിൽ കയറി സച്ചിൻ ദേവ് ഭീഷണിപ്പെടുത്തി എന്നീ ആരോപണങ്ങളാണ് യദു നൽകിയ പരാതിയിലുള്ളത്. എന്നാൽ ഇപ്പോൾ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ ആര്യ രാജേന്ദ്രൻ, സച്ചിൻ ദേവ്, ഇവരുടെ ബന്ധുവായ സ്ത്രീ എന്നിവരുടെ പേരുകൾ പോലീസ് ഒഴിവാക്കിയിരിക്കുകയാണ്.




# കാപ്പാ കേസ് പ്രതിക്ക് ഉൾപ്പെടെ വിവരം ചോർത്തി നൽകി; എഎസ്ഐയ്ക്ക് സസ്പെൻഷൻ

പത്തനംതിട്ട: കാപ്പാ കേസ് പ്രതിക്ക് ഉൾപ്പെടെ വിവരം ചോർത്തി നൽകിയ സംഭവത്തിൽ എഎസ്ഐയ്ക്ക് സസ്പെൻഷൻ.

തിരുവല്ല പോലീസ് സ്റ്റേഷനിലെ എഎസ്ഐ ബിനു കുമാറിനെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്.

കോടതിയിൽ ഹാജരാക്കുന്നതിന് മുൻപ് പ്രതികൾക്ക് ജാമ്യം കിട്ടാൻ സഹായിക്കുന്ന രീതിയിൽ റിമാൻഡ് റിപ്പോർട്ട് വിവരം ഉൾപ്പെടെ ചോർത്തി നൽകിയെന്നാണ് കണ്ടെത്തൽ. ഡിഐജി അജിതാ ബീഗം ആണ് ഇയാളെ സസ്പെൻഡ് ചെയ്തത്.

ബാറിൽ അടിപിടിയുണ്ടാക്കിയ കേസിൽ ബംഗളൂരുവിലെത്തി പ്രതികളെ പോലീസ് പിടികൂടിയിരുന്നു. ഇവരെ കോടതിയിൽ ഹാജരാക്കാൻ എത്തിക്കുമ്പോൾ റിമാൻഡ് റിപ്പോർട്ട് സമർപ്പിക്കും.

രണ്ടു പകർപ്പുകളാണ് സമർപ്പിക്കുക. കോടതി നടപടികൾക്കുശേഷമാണ് റിമാൻഡ് റിപ്പോർട്ടിന്റെ പകർപ്പ് പ്രതികളുടെ അഭിഭാഷകന് കൈമാറുക.

എന്നാൽ, കോടതിയിലെത്തിച്ചപ്പോൾ തന്നെ റിമാൻഡ് റിപ്പോർട്ടുകളിലൊന്ന് കാണാതാവുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കോടതി നടപടിക്ക് മുൻപേ തന്നെ റിമാൻഡ് റിപ്പോർട്ടിന്റെ പകർപ്പ് പ്രതികളുടെ അഭിഭാഷകന് എഎസ്ഐ ബിനുകുമാർ കൈമാറിയ വിവരം വ്യക്തമായത്.

സംഭവത്തെതുടർന്ന് എഎസ്ഐയെ ആദ്യഘട്ടത്തിൽ എആർ ക്യാമ്പിലേക്ക് സ്ഥലം മാറ്റിയിരുന്നു. പ്രതികളുടെ അഭിഭാഷകന്റെ കൈയിൽ നിന്ന് പണം വാങ്ങിയാണ് ഇത്തരത്തിൽ വിവരം ചോർത്തി നൽകിയിരുന്നതെന്നാണ് കണ്ടെത്തൽ.

തിരുവനന്തപുരം സ്വദേശിയായ ബിനു കുമാറിനെതിരെ കൂടുതൽ നടപടിക്കായി വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. കോന്നി ഡിവൈഎസ്പിയാണ് കൂടുതൽ അന്വേഷണം നടത്തുക

# പാട്ടിൽ വോട്ടുപിടിക്കാൻ പി. ജെയും അപുവും; ഈണം സന്ധ്യയിൽ ലയിച്ച് വോട്ടർമാർ

കോട്ടയം: പൂമാനം പൂത്തുലഞ്ഞു. . . വോട്ടെല്ലാം യുഡിഎഫിനായി. . . പാട്ടുപാടി വോട്ടർമാരുടെ മനസ് കീഴടക്കുകയാണ് കേരള കോൺഗ്രസ് ചെയർമാൻ പി. ജെ. ജോസഫ്. രാഷ്ട്രീയത്തിനൊപ്പം സംഗീതവും കൃഷിയും ഒക്കെയായി ജീവിക്കുന്ന മുൻ മന്ത്രിയും എംഎൽഎയുമായ പി. ജെ. ജോസഫ് തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രചാരണത്തിൽ വേറിട്ട വഴിയിലാണ്.

യുഡിഎഫ് സ്ഥാനാർഥികളുടെ തെരഞ്ഞെടുപ്പു പ്രചരണാർഥം പാട്ടുപാടിയാണ് ജോസഫ് വോട്ടു തേടുന്നത്. ഈണം സന്ധ്യ എന്ന പേരിലാണ് ജോസഫും മകൻ അപു ജോസഫും പ്രചാരണവേദികളിൽ സംഗീത സായാഹ്നവുമായി എത്തുന്നത്.

തിങ്കളാഴ്ച കോട്ടയം അതിരമ്പുഴയിൽ ജില്ലാ പഞ്ചായത്ത് അതിരമ്പുഴ ഡിവിഷൻ യുഡിഎഫ് സ്ഥാനാർഥി ജയ്സൺ ജോസഫിന്റെ പ്രചരണാർഥം അതിരമ്പുഴയിൽ നടന്ന ഈണം സന്ധ്യ സംഗീത സായാഹ്നം ഏറെ ശ്രദ്ധേയമായി. പതിവു തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽനിന്നു വ്യത്യസ്തമായി പാട്ടും വർത്തമാനവുമായി ജോസഫ് വോട്ടർമാരെ ആകർഷിച്ചു.

പൂമാനം പൂത്തുലഞ്ഞു, പൂവള്ളി കുടിലിലേതേ, പാടാം നമുക്ക് പാടാം വീണ്ടുമൊരു പ്രേമഗാനം എന്നീ ഗാനങ്ങളാണ് ജോസഫ് പാടിയത്. ഉല്ലാസ പൂത്തിരികൾ കണ്ണിലണിഞ്ഞവളേ, മേരി സപ്നോകീ റാണി കബ് ആയേഗീ തൂ എന്നീ പാട്ടുകൾ അപുവും ആലപിച്ചു. പി. ജെ. ജോസഫിന്റെ മകനും കേരള കോൺഗ്രസ് കോ ഓർഡിനേറ്ററുമായ അപു ജോൺ ജോസഫും പ്രശസ്ത ഗായിക സോണി മോഹനും അദ്ദേഹത്തിനൊപ്പം ഗാനങ്ങളാലപിച്ചു.

വയനാട് തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചരണാർഥം രാഹുൽ വന്നല്ലോ, വയനാട്ടിൽ വന്നല്ലോ എന്ന ഗാനം ആലപിച്ച് പി. ജെ അന്നും പ്രചാരണത്തിൽ താരമായിരുന്നു.

ഇത്തവണയും യുഡിഎഫിന്റെ തദ്ദേശ തെരഞ്ഞെടുപ്പിലെ ഗ്ലാമർ പ്രചാരകനായി പി. ജെ മാറിയിരിക്കുകയാണ്. കോട്ടയത്തിനു പുറമേ, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലും കേരള കോൺഗ്രസ് സ്ഥാനാർഥികൾ മത്സരിക്കുന്നയിടങ്ങളിലും നിരവധി വേദികളിലാണ് ഈണം സന്ധ്യ സംഗീത സായാഹ്നം അരങ്ങേറുന്നത്.

# ലാഭമെടുപ്പിൽ ക്ഷീണിച്ച് സ്വർണം; പവന് കുറഞ്ഞത് 200 രൂപ

കൊച്ചി: സംസ്ഥാനത്ത് വൻകുതിപ്പിന് ബ്രേക്കിട്ട് സ്വർണവില. ഗ്രാമിന് 25 രൂപയും പവന് 200 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 11,935 രൂപയിലും പവന് 95,480 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 20 രൂപ കുറഞ്ഞ് 9,815 രൂപയിലെത്തി. ആറു ദിവസത്തിനിടെ പവന് 3,920 രൂപയും ഗ്രാമിന് 490 രൂപയും ഉയർന്ന ശേഷമാണ് ഇന്ന് വില താഴേക്കുപോയത്. ശനിയാഴ്ച 1,000 രൂപയുടെ വർധനയോടെ വീണ്ടും 95,000 പിന്നിട്ട സ്വർണവില തിങ്കളാഴ്ച പവന് 480 രൂപയും ഗ്രാമിന് 60 രൂപയും ഉയർന്നിരുന്നു. ഒക്ടോബർ 21ന് ശേഷം ആദ്യമായാണ് വീണ്ടും 95,000 തൊട്ടത്. ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

# തദ്ദേശ തിരഞ്ഞെടുപ്പ്: റീൽസ്, വാട്സ്ആപ്പ് ഗ്രൂപ്പ് നിരീക്ഷണം കർശനമാക്കി

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതമായ സാഹചര്യത്തിൽ സമൂഹ മാധ്യമങ്ങളിലൂടെയുള്ള റീൽസുകളും മറ്റ് ഉള്ളടക്കവും നിരീക്ഷിക്കുന്നത് കർശനമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദ്ദേശിച്ചു. സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും സംഘടനകളും അവരുടെ സോഷ്യൽ മീഡിയ പേജുകളിൽ നൽകുന്ന റീൽസുകളും വാട്സ്ആപ്പ് ഗ്രൂപ്പുകളിലെ ഉള്ളടക്കവും ചർച്ചകളും നിരീക്ഷിക്കാൻ പോലീസ് സൈബർ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാദേശിക വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പിന്റെ ഭാഗമായി പ്രചരിപ്പിക്കുന്ന പാരഡി ഗാനങ്ങൾ, വോയിസ് ക്ലിപ്പുകൾ, വീഡിയോകൾ, അനിമേഷനുകൾ, ഇമേജ് കാർഡുകൾ എന്നിവ പ്രത്യേകമായി നിരീക്ഷിക്കും.

അനൗൺസ്മെന്റുകളിൽ ജാതി, മതം, തുടങ്ങിയവ ഉൾപ്പെടെയുള്ള വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ പരാമർശിക്കുന്നത് മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനമാണ്. വ്യാജമായതോ, അപകീർത്തികരമായതോ, അനുവദനീയമല്ലാത്തതോ ആയ ഉള്ളടക്കം കണ്ടെത്തിയാലോ അത് സംബന്ധിച്ച് പരാതി ലഭിച്ചാലോ കർശന നടപടി സ്വീകരിക്കണമെന്ന് കമ്മീഷണർ നിർദ്ദേശിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡീപ്പ് ഫേക്ക്, വോയിസ് ചെയ്ഞ്ചിങ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളിലൂടെ വ്യാജ ചിത്രങ്ങളും ശബ്ദ സന്ദേശങ്ങളും തെറ്റായ വിവരങ്ങളും നിർമ്മിക്കുന്നതും അവ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഉപയോഗിക്കുന്നതിനുമെതിരെ ശക്തമായ നടപടിയുണ്ടാവും. ഐ ടി ആക്റ്റ് 2000, ഐടി (ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡ്) റൂൾസ് 2021, ഭാരതീയ ന്യായസംഹിത 2023, മാതൃകാ പെരുമാറ്റച്ചട്ടം എന്നിവയിൽ വരുന്ന എല്ലാ വ്യവസ്ഥകളും തിരഞ്ഞെടുപ്പ് ഉള്ളടക്കങ്ങളുടെ നിർമ്മാണത്തിലും പ്രചാരണത്തിലും കൃത്യമായി പാലിക്കണം.

പാർട്ടികളുടെ ഔദ്യോഗിക സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ വ്യാജമായ/തെറ്റിദ്ധരിപ്പിക്കുന്ന ഉള്ളടക്കങ്ങൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യുകയും ഉത്തരവാദികൾക്ക് മുന്നറിയിപ്പ് നൽകുകയും വേണം. വ്യാജ അക്കൗണ്ടുകളും നിയമവിരുദ്ധ വിവരങ്ങളും അതത് പ്ലാറ്റ്ഫോമുകൾക്ക് റിപ്പോർട്ട് ചെയ്യണം.

പ്രചാരണത്തിൽ സമത്വവും വിശ്വാസ്യതയും ഉറപ്പാക്കുന്നതിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണം നടത്തുന്നവരും ശ്രദ്ധിക്കണം. സാങ്കേതിക വിദ്യയുടെ ദുരുപയോഗമില്ലാതെ തിരഞ്ഞെടുപ്പ് നടത്തുന്നത് ഉറപ്പാക്കാൻ എല്ലാവരും സഹകരിക്കണമെന്നും കമ്മീഷണർ പറഞ്ഞു.

# ചുവന്ന പോളോ കാർ സൂക്ഷിച്ചത് രാഹുലിന് വേണ്ടി ഗ്രൂപ്പ് യോഗം നടന്ന നേതാവിന്റെ വീട്ടിൽ: പ്രശാന്ത് ശിവൻ

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിൽ രക്ഷപ്പെടാൻ ഉപയോഗിച്ച ചുവന്ന പോളോ കാർ സൂക്ഷിച്ചത് രാഹുലിന് വേണ്ടി ഗ്രൂപ്പ് യോഗം നടന്ന നേതാവിന്റെ വീട്ടിലാണെന്ന് ബിജെപി നേതാവ് പ്രശാന്ത് ശിവൻ.സിപിഎം നേതൃത്വം പോലീസിനെ നിയന്ത്രിക്കുന്നുണ്ടോയന്ന് സംശയമുണ്ട്. സംസ്ഥാന സർക്കാർ ഒളിച്ചുകളിക്കുകയാണ്. കണ്ണിൽ പൊടി ഇടുന്ന പോലുള്ള പരിശോധനയാണ് ഇപ്പോൾ നടക്കുന്നത്.ഏതാനും മാസങ്ങൾക്ക് മുമ്പാണ് രാഹുലിന് വേണ്ടി ഗ്രൂപ്പ് യോഗം നടന്ന നേതാവിന്റെ വീട്ടിൽ ചുവന്ന പോളോ കാർ കണ്ടെത്തിയത്. പീഡന വീരനായിട്ടുള്ള എംഎൽഎയെ സംരക്ഷിക്കുകയാണ് കോൺഗ്രസ് നേതാക്കൾ. സ്ത്രീ ജനങ്ങളോട് എന്താണ് കോൺഗ്രസിന് പറയാനുള്ളതെന്ന് വ്യക്തമാക്കണം. കടലിരമ്പി വന്നാലും നിലപാട് മാറ്റില്ലെന്നും രാഹുലിനെതിരായ നടപടി കൂട്ടായ തീരുമാനമാണെന്നുമാണ് പ്രതിപക്ഷ നേതാവ് പറയുന്നത്. എന്നാൽ, പാലക്കാട്ടെ കോൺഗ്രസ് നേതാക്കൾ രാഹുലിനെ സഹായിക്കുകയാണ്. രാഹുലിനെ കോൺഗ്രസ് നേതാക്കളുടെ വീട്ടിലാണ് ഒളിപ്പിച്ചിരിക്കുന്നതെന്ന് സംശയിക്കേണ്ടിയിരുക്കുന്നുവെന്നും പ്രശാന്ത് ശിവൻ പറഞ്ഞു.

# കാൻഡിഡേറ്റ് സെറ്റിംഗ് ഇന്ന് മുതൽ

തദ്ദേശ തിരഞ്ഞെടുപ്പിനായി വോട്ടിംഗ് മെഷീനുകളിൽ ഇന്ന് മുതൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തും. നിയോജക മണ്ഡലത്തിലെ സ്ഥാനാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ബാലറ്റ് യൂണിറ്റുകൾ സജ്ജമാക്കുന്നത്. പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾക്കായി മൂന്ന് ബാലറ്റ് യൂണിറ്റുകളും ഒരു കൺട്രോൾ യൂണിറ്റുമാണ് സജ്ജമാക്കുന്നത്. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ ഒന്നു വീതം ബാലറ്റ് യൂണിറ്റും കൺട്രോൾ യൂണിറ്റുമാണ് സെറ്റ് ചെയ്യുന്നത്.ഓരോ തലത്തിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ക്രമനമ്പർ, പേര്, ചിഹ്നം എന്നിവയടങ്ങിയ ബാലറ്റ് ലേബലാണ് ബാലറ്റ് യൂണിറ്റിൽ സജ്ജമാക്കുന്നത്. സ്ഥാനാർത്ഥികളുടെയും പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിലാണ് വോട്ടിങ് മെഷീനിൽ കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ബാലറ്റ് ലേബൽ വെള്ള നിറത്തിലും, ബ്ലോക്ക് പഞ്ചായത്തിന്റേത് പിങ്ക് നിറത്തിലും, ജില്ലാ പഞ്ചായത്തിന്റേത് ഇളം നീല നിറത്തിലുമുള്ളതാണ്. നഗരസഭകളുടെ കാര്യത്തിൽ വെള്ള നിറത്തിലുള്ള ബാലറ്റ് ലേബലുകളാണ് ഉപയോഗിക്കുന്നത്.

ഈ തദ്ദേശ തിരഞ്ഞെടുപ്പിൽ ഒരു നിയോജകമണ്ഡലത്തിലും 15 ൽ കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കാനില്ലാത്തതിനാൽ എല്ലാ ബുത്തുകളിലും ഓരോ തലത്തിലും ഓരോ ബാലറ്റ് യൂണിറ്റ് മതിയാകും.കാൻഡിഡേറ്റ് സെറ്റിംഗിന് ശേഷം പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും മെഷീനുകളിൽ മോക്ക്പോൾ നടത്തും. മോക്ക്പോളിന്റെ ഫലം സന്നിഹിതരായിട്ടുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികളേയും സ്ഥാനാർത്ഥികളേയും കാണിക്കും. തുടർന്ന് മോക്ക് പോൾ ഫലം ഡിലീറ്റ് ചെയ്ത് മെഷീനുകൾ സ്ട്രോങ്ങ് റൂമിൽ സൂക്ഷിക്കും.

വോട്ടെടുപ്പിന്റെ തലേദിവസം മറ്റ് പോളിംഗ് സാധനങ്ങൾക്കൊപ്പം മെഷീനുകളും പോളിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറും. വോട്ടെടുപ്പ് ദിവസം രാവിലെ 6 മണിക്ക് അതത് പോളിംഗ് സ്റ്റേഷനിൽ വച്ച് ഹാജരുള്ള പോളിംഗ് ഏജന്റുമാരുടേയും സ്ഥാനാർത്ഥികളുടേയും സാന്നിദ്ധ്യത്തിൽ മോക്ക് പോൾ നടത്തും. തുടർന്ന് 7 മണി മുതൽ വോട്ടെടുപ്പ് ആരംഭിക്കും.

# ഉപധനാഭ്യർഥനയും മൂന്നു ബില്ലുകളും അവതരിപ്പിച്ചു

ന്യൂഡൽഹി: എസ്ഐആർ ചർച്ചയാവശ്യപ്പെട്ടു നടുത്തളത്തിലിറങ്ങിയുള്ള പ്രതിപക്ഷ എംപിമാരുടെ പ്രതിഷേധത്തിനിടെ, മണിപ്പൂർ ചരക്കുസേവന നികുതി (രണ്ടാം ഭേദഗതി), സെൻട്രൽ എക്സൈസ് ഭേദഗതി, ദേശീയ ആരോഗ്യ സുരക്ഷാ സെസ് (ദ ഹെൽത്ത് സെക്യൂരിറ്റി സെ നാഷണൽ സെക്യൂരിറ്റി സെസ് ബിൽ) എന്നീ ബില്ലുകൾ ധനമന്ത്രി നിർമലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു.

പുകയിലയ്ക്കുള്ള ജിഎസ്ടി സെസിനു പകരം എക്സൈസ് തീരുവ ഏർപ്പെടുത്താനുള്ളതാണ് എക്സൈസ് ഭേദഗതി ബിൽ. പാൻ മസാലകളിന്മേൽ നിലവിലുള്ള സെസിനു പകരമുള്ളതാണു മൂന്നാമത്തെ ബിൽ.

പ്രതിപക്ഷ ബഹളത്തിനും എൻ. കെ. പ്രേമചന്ദ്രൻറെ സാങ്കേതിക എതിർപ്പിനുമിടെ ബില്ലുകളുടെ അവതരണത്തിനു സഭ ശബ്ദവോട്ടോടെ അനുമതി നൽകി. രാജ്യസഭയിൽ ധനമന്ത്രി ഉപധനാഭ്യർഥനകൾ അവതരിപ്പിച്ചു. 2025–26 വർഷത്തെ ഗ്രാൻറുകൾക്കുള്ളതാണിത്.

# ഹാജരാകാൻ നോട്ടീസ് ലഭിച്ചിരുന്നില്ല, പൊലീസ് പറഞ്ഞത് കള്ളം: ദീപ രാഹുൽ ഈശ്വർ

തിരുവനന്തപുരം: അതീജീവിതയെ അപമാനിച്ചെന്ന പരാതിയിൽ സ്റ്റേഷനിൽ ഹാജരാകാൻ രാഹുൽ ഈശ്വറിന് നോട്ടീസ് ലഭിച്ചിരുന്നില്ലെന്ന് ഭാര്യ ദീപ രാഹുൽ ഈശ്വർ. അതിജീവിതയെ രാഹുൽ അപമാനിച്ചിട്ടില്ലെന്ന് ആവർത്തിച്ച ദീപ പറഞ്ഞ വാക്കുകൾ പലരും പല രീതിയിൽ വ്യാഖ്യാനിക്കുകയായിരുന്നെന്നും കൂട്ടിച്ചേർത്തു.

നോട്ടീസ് തന്നിട്ടും കൈപ്പറ്റാൻ വിസമ്മതിച്ചതായാണ് പൊലീസ് തിങ്കളാഴ്ച കോടതിയിൽ പറഞ്ഞത്. എല്ലാ കാര്യങ്ങളും കള്ളമാണെന്നും തുടർനടപടികളിലേക്ക് കടക്കാനാണ് നിലവിലെ തീരുമാനമെന്നും ദീപ പറഞ്ഞു. ജയിലിനുള്ളിലെ നിരാഹാര സമരവുമായി മുന്നോട്ട് പോകാനാണ് രാഹുലിന്റെ തീരുമാനമെന്നും അവർ മാധ്യമങ്ങളോട് വ്യക്തമാക്കി.

# എന്താണ് പിഎം ശ്രീയെന്ന് കേന്ദ്രമന്ത്രി

ന്യൂഡൽഹി: പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽനിന്ന് കേരളത്തിനു പിൻവാങ്ങാൻ കഴിയുമോയെന്ന ലോക്സഭാ എംപിയുടെ ചോദ്യത്തിന്, എന്താണ് പിഎം ശ്രീയെന്ന് മറുചോദ്യ മുന്നയിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.

കേരളത്തിലെ എൽഡിഎഫ് സർക്കാർ പിഎം ശ്രീയുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചതുമായി ബന്ധപ്പെട്ട് എം. കെ. രാഘവൻ എംപി ഉന്നയിച്ച ചോദ്യങ്ങളോടാണ് എവിടെയും തൊടാത്ത മറുപടികൾ കേന്ദ്രം നൽകിയത്.

പിഎം ശ്രീ പദ്ധതിക്കു കീഴിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ, അനുവദിച്ചിട്ടുണ്ടെങ്കിൽ ഫണ്ടിൻറെ വിശദാംശങ്ങൾ, പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ടു കേന്ദ്ര സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രത്തിൽനിന്ന് സംസ്ഥാന സർക്കാരുകൾക്ക് പിൻവാങ്ങാൻ അവകാശമുണ്ടോ, ഉണ്ടെങ്കിൽ അതിൻറെ മാർഗരേഖകളും സമയപരിധിയുമടക്കമുള്ള വിശദാംശങ്ങൾ എന്നിവയാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ മറുപടിക്കായി എം. കെ. രാഘവൻ ഉന്നയിച്ച ചോദ്യങ്ങൾ.

നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിനു സഭയിൽ ഉത്തരം നൽകാൻ കേന്ദ്രം ബാധ്യസ്ഥമായിരുന്നെങ്കിലും പ്രതിഷേധം മൂലം സഭ സമ്മേളിക്കാത്തതിനാൽ രേഖാമൂലം മാത്രമാണ് കേന്ദ്രം ഉത്തരം നൽകിയത്.

എം. കെ. രാഘവൻറെ ചോദ്യങ്ങളോടുള്ള മറുപടിയായി, എന്താണ് പിഎം ശ്രീ പദ്ധതിയെന്നും ദേശീയ വിദ്യാഭ്യാസ നയത്തിൻറെ (എൻഇപി) സംരംഭങ്ങളെല്ലാം പ്രദർശിപ്പിക്കുന്ന സ്കൂളുകളാണ് പിഎം ശ്രീ സ്കൂളുകളെന്നും കേന്ദ്രം ഉത്തരം നൽകി.

എം. കെ. രാഘവൻറെ ഒരു ചോദ്യത്തോടും പ്രത്യക്ഷ മറുപടി നൽകാത്ത കേന്ദ്രം സംസ്ഥാനങ്ങൾ ധാരണാപത്രത്തിൽ ഒപ്പുവച്ചതിനു ശേഷമുള്ള പിഎം ശ്രീ സ്കൂളുകളുടെ തെരഞ്ഞെടുപ്പ് പ്രക്രിയയും വിശദീകരിക്കുന്നു.

ഒക്ടോബർ 23നാണ് കേരളം ധാരണാപത്രത്തിൽ ഒപ്പുവച്ചതെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും എംപിയുടെ ചോദ്യത്തിനു മറുപടിയില്ലാതെ, പദ്ധതിയിൽ ചേർക്കേണ്ട സ്കൂളുകളുടെ വിവരങ്ങൾ പിഎം ശ്രീ പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ കേരളത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നു മാത്രമായിരുന്നു കേന്ദ്രത്തിൻറെ മറുപടി.

# വിവാഹ വാർഷികത്തിന് ഭാര്യയ്ക്ക് സമ്മാനം നൽകാൻ മൊബൈൽ ഫോൺ മോഷ്ടിച്ചു; രണ്ടുപേർ പിടിയിൽ

ന്യൂഡൽഹി: വിവാഹ വാർഷികത്തിൽ ഭാര്യയ്ക്ക് വിലയേറിയ സമ്മാനം വാങ്ങുന്നതിനായി മൊബൈൽ ഫോൺ മോഷ്ടിച്ച യുവാവും സുഹൃത്തും അറസ്റ്റിൽ. കേസിലെ മുഖ്യപ്രതിയായ രോഹിത് (മച്ചി) സ്ഥിരം കുറ്റവാളിയാണെന്നും 22 കവർച്ച, പിടിച്ചുപറി കേസുകളിൽ ഇയാൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേസ് അന്വേഷണത്തിൽ ആദ്യം അറസ്റ്റിലായത് ഇയാളുടെ സുഹൃത്തായ അർജുൻ സരീൻ ആണ്. ഇയാൾക്കെതിരെ രണ്ട് കേസുകൾ നിലവിലുണ്ട്.

റോണിത് കാരാട്ടി എന്നയാളുടെ മൊബൈൽ ഫോൺ ആണ് മോഷ്ടിക്കപ്പെട്ടത്. ഇയാൾ കിഷൻ ഗഞ്ചിലേക്ക് സൈക്കിളിൽ പോകുമ്പോൾ റോഹ്തക് റോഡിലെ ഒരു മധുരപലഹാരക്കടയ്ക്ക് സമീപത്ത് വച്ച് ബൈക്കിലെത്തിയ രണ്ടുപേർ ഇയാളുടെ ഫോൺ തട്ടിയെടുക്കുകയായിരുന്നു. ഇവരെ പിന്തുടർന്ന റോണിത് കാരാട്ടിയും സുഹൃത്തുക്കളും പ്രതാപ് നഗർ മെട്രോ സ്റ്റേഷനിൽ വച്ച് പ്രതികളെ കണ്ടെത്തി. അർജുനെ കണ്ടെത്താൻ കഴിഞ്ഞെങ്കിലും രോഹിത് രക്ഷപെട്ടു. സംഭവത്തിൽ രോഹിത് നിർബന്ധിച്ചതിനെ തുടർന്നാണ് മോഷണം നടത്തിയതെന്ന് അർജുൻ പോലീസിന് മൊഴി നൽകി. ഞായറാഴ്ച രാത്രി കിഷൻ ഗഞ്ച് പ്രദേശത്തെ റെയിൽവേ ട്രാക്കിന് സമീപം വച്ച് പോലീസ് സംഘം രോഹിതിനെ അറസ്റ്റ് ചെയ്തു. മോഷണം പോയ മൊബൈൽ ഫോൺ ഇയാളിൽ നിന്നും കണ്ടെത്തി.

# കുറവിലങ്ങാട്ട് വൻ കുഴൽപ്പണ വേട്ട; ഒരു കോടി രൂപ പിടിച്ചു, നോട്ടുകൾ ശരീരത്തിൽ കെട്ടിവച്ച നിലയിൽ

കോട്ടയം: കുറവിലങ്ങാട്ട് വൻ കുഴൽപ്പണ വേട്ട. അന്തർ സംസ്ഥാന ബസിൽ പണം കടത്താൻ ശ്രമിച്ച ബംഗളൂരു സ്വദേശികളായ രണ്ടു പേരെ കോട്ടയം എക്സൈസ് സംഘം പിടികൂടി. ഒരു കോടി രൂപ ഇവരിൽനിന്നു കണ്ടെടുത്തു. ബംഗളൂരുവിൽനിന്നു പത്തനാപുരത്തേക്കുള്ള ബസ് ഇന്നു രാവിലെ 8.30ന് കുറവിലങ്ങാട് എത്തിയപ്പോഴാണ് എക്സൈസ് സംഘം വാഹനം തടഞ്ഞത്. ഇവരുടെ ദേഹത്തും ബാഗിലും പണം ഒളിപ്പിച്ച നിലയിൽ കണ്ടെത്തി. ഇവരെ കൂടുതൽ ചോദ്യം ചെയ്തു വരികയാണ്.

# കൊട്ടിയൂരിൽ കൂട്ടിൽ കെട്ടിയിരുന്ന പോത്തിനെ കടുവ കൊന്നുതിന്നു

കേളകം: കൊട്ടിയൂർ പഞ്ചായത്ത് പൊയ്യമലയിൽ കൂട്ടിൽ കെട്ടിയിരുന്ന പോത്തിനെ കടുവ കൊന്നു തിന്നു. പൊയ്യമല സ്വദേശി കുരിശുമൂട്ടിൽ ജോർജിന്റെ പോത്തിനെയാണ് കടുവ കൊന്നുതിന്നത്. തിങ്കളാഴ്ച രാത്രിയായിരുന്നു സംഭവം. പ്രദേശത്ത് മുമ്പും പുലിയുടെയും കടുവയുടെയും സാന്നിധ്യം സ്ഥിരീകരിച്ചിട്ടുള്ള പ്രദേശമാണ്. പലതവണ വനം വകുപ്പിനോട് കൂടു സ്ഥാപിച്ച് വന്യജീവിയെ പിടികൂടണമെന്ന് ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്ന് പ്രദേശവാസികൾ പറയുന്നു. ഇന്നുതന്നെ കൂട് സ്ഥാപിച്ച് കടുവയെ പിടികൂടിയില്ലെങ്കിൽ ശക്തമായ പ്രതിഷേധം നടത്തുമെന്ന് കർഷക സംഘടനകൾ പറയുന്നു.

# തെരുവുനായയുമായി പാർലമെൻറിൽ എത്തി കോൺഗ്രസ് എംപി

ന്യൂഡൽഹി: കോൺഗ്രസിൻറെ രാജ്യസഭാ എംപി പാർലമെൻറിൻറെ പ്രധാന കവാടം വരെ തെരുവുനായയെ കൊണ്ടുവന്ന സംഭവത്തിൽ വിവാദം.

ശൈത്യകാല സമ്മേളനം ആരംഭിച്ച ആദ്യദിനത്തിൽ തെരുവുനായയുമായി പാർലമെൻറിലേക്ക് എത്തിയ രേണുക ചൗധരിക്കെതിരേ നടപടിയെടുക്കണമെന്ന് ബിജെപി എംപി ജഗദംബിക പാൽ ആവശ്യപ്പെട്ടു. പാർലമെൻറ് അംഗങ്ങൾക്ക് ചില സവിശേഷ അധികാരങ്ങൾ ഉണ്ടെങ്കിലും അത് ദുരുപയോഗം ചെയ്യരുതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ, പാർലമെൻറിൻറെ പ്രധാന കവാടം വരെ തൻറെ കാറിൽ കൊണ്ടുവന്ന നായയെ അതേപടി കാറിൽ തിരിച്ചയച്ചതായും അതിൽ എന്തു തെറ്റാണെന്നും രേണുക പ്രതികരിച്ചു.

അതൊരു ചെറിയ നായയാണെന്നും ആരെയും ഉപദ്രവിക്കില്ലെന്നും അവർ പറഞ്ഞു. ശരിക്കും കടിക്കുന്നവർ പാർലമെൻറിൻറെ അകത്താണ്. അവരാണ് സർക്കാർ നടത്തുന്നത്. താനൊരു നിശബ്ദ ജീവിയെ സംരക്ഷിക്കാൻ ശ്രമിച്ചു. അത് വലിയ പ്രശ്നവും ചർച്ച വിഷയവും ആക്കുകയാണ്. നായയെ കൊണ്ടുവരാൻ പാടില്ലെന്ന നിയമമുണ്ടോ എന്നും രേണുക ചോദിച്ചു.

പാർലമെൻറ് സമ്മേളനത്തിൽ പങ്കെടുക്കാൻ വരുന്ന വഴിയിൽ ഒരു കാറും സ്കൂട്ടറും തമ്മിൽ കൂട്ടിയിടിച്ചു.

# സാന്ത്വനസ്പർശവുമായി മാർപാപ്പ ലബനനിലേക്ക്

ബെയ്റൂട്ട്: യുദ്ധത്തിന്റെയും ഭീകരതയുടെയും ദുരിതത്തിലൂടെയും ബെയ്റൂട്ട് തുറമുഖ സ്ഫോടനം വരുത്തിവച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയും കടന്നുപോകുന്ന ലബനനിലേക്ക് സാന്ത്വനസ്പർശവുമായി ലെയോ പതിനാലാമൻ മാർപാപ്പ ഇന്ന് എത്തിച്ചേരും. കേവലം 60 ലക്ഷം ജനങ്ങൾ മാത്രം അധിവസിക്കുന്ന ഈ കൊച്ചു രാജ്യം ഏറെ പ്രതീക്ഷയോടെയാണ് മാർപാപ്പയുടെ സന്ദർശനത്തെ കാണുന്നത്.

ക്രിസ്തീയ ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള രാജ്യംകൂടിയാണു ലബനൻ. ഒരുകാലത്ത് ക്രിസ്ത്യൻ ഭൂരിപക്ഷ രാജ്യമായിരുന്ന ഇവിടെ ഒട്ടോമൻ തുർക്കികളുടെ ആസൂത്രിത വംശഹത്യയെത്തുടർന്ന് ഇപ്പോൾ ക്രൈസ്തവർ ജനസംഖ്യയിൽ മൂന്നിലൊന്നായി കുറഞ്ഞു. തുർക്കി സന്ദർശനം പൂർത്തിയാക്കി ഇന്ന് ഉച്ചകഴിഞ്ഞ് ഇസ്താംബൂളിലെ അറ്റാതുർക്ക് വിമാനത്താവളത്തിൽനിന്ന് മാർപാപ്പ ലബനൻ തലസ്ഥാനമായ ബെയ്റൂട്ടിലേക്ക് യാത്രയാകും. അവിടെയെത്തുന്ന മാർപാപ്പ പ്രസിഡൻറ്, പ്രധാനമന്ത്രി, മന്ത്രിമാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

നാളെ അന്നായയിലെ സെൻറ് മാറോൻ ആശ്രമത്തിൽ വിശുദ്ധ ചാർബെൽ മക്ലൂഫിന്റെ കബറിടം സന്ദർശിക്കുന്ന മാർപാപ്പ തുടർന്ന് ഹാരിസയിലെ ഔർ ലേഡി ഓഫ് ലബനൻ തീർഥാടനകേന്ദ്രത്തിലേക്ക് പോകും. സന്ദർശനത്തിന്റെ അവസാനദിവസമായ ഡിസംബർ രണ്ടിന് ഹോളി ക്രോസ് ആശുപത്രിയിലെ ജീവനക്കാരെയും രോഗികളെയും സന്ദർശിക്കുന്ന മാർപാപ്പ തുടർന്ന് 2020 ൽ വലിയ സ്ഫോടനം നടന്ന ബെയ്റൂട്ട് തുറമുഖ പരിസരത്ത് മൗനപ്രാർഥന നടത്തും. ഇതിനുശേഷം ബെയ്റൂട്ട് വാട്ടർഫ്രണ്ടിൽ മാർപാപ്പ വിശുദ്ധ കുർബാന അർപ്പിക്കും.

ഇന്നലെ രാവിലെ ഇസ്താംബൂളിലെ ബ്ലൂ മോസ്ക് എന്നറിയപ്പെടുന്ന സുൽത്താൻ അഹമ്മദ് മോസ്ക് മാർപാപ്പ സന്ദർശിച്ചു. തുടർന്ന് മോർ എഫ്രേം സിറിയക് ഓർത്തഡോക്സ് പള്ളിയിൽ പ്രദേശത്തെ ക്രിസ്ത്യൻ നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം കോൺസ്റ്റാൻറിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കീസിന്റെ ആസ്ഥാനദേവാലയമായ സെൻറ് ജോർജ് പാത്രിയാർക്കൽ പള്ളിയിൽ പ്രാർഥനയിൽ പങ്കെടുത്തു. തുടർന്ന് പാത്രിയാർക്കൽ വസതിയിൽ എക്യുമെനിക്കൽ പാത്രിയാർക്കീസ് ബർത്തലോമിയോ ഒന്നാമനുമായി കൂടിക്കാഴ്ച നടത്തി.

ഇസ്താംബൂളിലെ ഫോക്സ്വാഗെൻ അരീനയിൽ ആയിരങ്ങൾ പങ്കെടുത്ത വിശുദ്ധ കുർബാനയോടെയാണ് മാർപാപ്പയുടെ ഇന്നലത്തെ പരിപാടികൾ സമാപിച്ചത്. മാർ അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾദിനമായ ഇന്നു രാവിലെ ഇസ്താംബൂളിലെ അർമേനിയൻ അപ്പസ്തോലിക് കത്തീഡ്രലിൽ പ്രാർഥനയോടെ മാർപാപ്പയുടെ പരിപാടികൾ ആരംഭിക്കും. തുടർന്ന് സെൻറ് ജോർജ് പാത്രിയാർക്കൽ പള്ളിയിൽ ആരാധനയിൽ പങ്കെടുക്കും.

# യുക്രെയ്നെ ഉലച്ച് അഴിമതിയാരോപണം; സെലൻസ്കിയുടെ വിശ്വസ്തൻ രാജിവച്ചു

കീവ്: യുക്രെയ്ൻ പ്രസിഡൻറ് സെലസൻസ്കിയുടെ വിശ്വസ്തനും ചീഫ് ഓഫ് സ്റ്റാഫുമായ ആന്ദ്രെയ് യെർമാക് അഴിമതിക്കേസുമായി ബന്ധപ്പെട്ട് രാജിവച്ചു. അഴിമതിവിരുദ്ധ ഏജൻസി ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ കീവിലെ വസതിയിൽ റെയ്ഡ് നടത്തിയതിനു പിന്നാലെയാണ് രാജി.

അണുശക്തി വകുപ്പിന്റെ കരാറുകളിൽ സർക്കാർ ഉദ്യോഗസ്ഥർ വൻതോതിൽ കൈക്കൂലി വാങ്ങിയെന്ന ആരോപണം ആഴ്ചകളായി യുക്രെയ്നിൽ കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. നൂറു കോടി ഡോളറിന്റെ അഴിമതി നടന്നെന്ന ആരോപണത്തിൽ യെർമാക്കിനു നേരിട്ടു പങ്കില്ലെങ്കിലും അദ്ദേഹവുമായി അടുത്ത ബന്ധമുള്ള ചിലർക്കു പങ്കുണ്ട്. യുക്രെയ്ൻ രാഷ്ട്രീയത്തിൽ വലിയ സ്വാധീനമുള്ള യെർമാക്കിന്റെ രാജി പ്രസിഡൻറ് സെസലൻസ്കിക്കു വലിയ തിരിച്ചടിയാണ്. യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനായി അമേരിക്കയുമായി അടുത്തിടെ നടന്ന ചർച്ചകൾക്ക് നേതൃത്വം നല്കിയത് യെർമാക് ആയിരുന്നു. തുടർ ചർച്ചകൾക്കായി യുഎസ് ഉദ്യോഗസ്ഥർ വരും ദിവസങ്ങളിൽ യുക്രെയ്നും റഷ്യയും സന്ദർശിക്കാനിരിക്കെയാണ് അദ്ദേഹത്തിന്റെ രാജി.

യുക്രെയ്ൻ യുദ്ധത്തിലുടനീളം സെലൻസ്കിയുടെ വലംകയ്യായി പ്രവർത്തിച്ച യെർമാർക്കിനെ ലക്ഷ്യമിട്ടായിരുന്നു അഴിമതിവിരുദ്ധ ഏജൻസികളുടെ അന്വേഷണമെന്ന് ചില റിപ്പോർട്ടുകളിൽ പറയുന്നു. അഴിമതിവിരുദ്ധ ഏജൻസികളുടെ അധികാരം വെട്ടാൻ സെലൻസി ശ്രമിച്ചെങ്കിലും വിവാദമായതിനെത്തുടർന്ന് പിൻവാങ്ങിയിരുന്നു. യെർമാക് രാജിവയ്ക്കുന്ന കാര്യം രാജ്യത്തെ അറിയിച്ചത് സെലൻസ്കിയാണ്. യുക്രെയ്ന് എല്ലാം നഷ്ടപ്പെടാൻ സാധ്യതയുള്ള വേളയിൽ രാജ്യം ഒരുമിച്ചു നിൽക്കണമെന്ന് സെലൻസ്കി അഭ്യർഥിച്ചു. യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനായി അമേരിക്ക തയാറാക്കിയ കരാർ റഷ്യക്കു വലിയതോതിൽ ഗുണം ചെയ്യുന്നതാണ്. യുക്രെയ്ൻ റഷ്യക്കു ഭൂമി വിട്ടുകൊടുക്കണമെന്ന നിർദേശം കരാറിലുണ്ട്.

# നൈജീരിയയിൽ തട്ടിക്കൊണ്ടുപോയ ആംഗ്ലിക്കൻ പുരോഹിതനെ വധിച്ചു

അബൂജ: നൈജീരിയയിൽ ഒരു മാസം മുന്പ് തട്ടിക്കൊണ്ടുപോയ ആംഗ്ലിക്കൻ പുരോഹിതനെ അക്രമികൾ വധിച്ചു. ഒക്ടോബർ 28ന് കഡുന സംസ്ഥാനത്തുനിന്ന് കുടുംബസമേതം തട്ടിക്കൊണ്ടുപോകപ്പെട്ട എഡ്വിൻ ആച്ചി എന്ന പുരോഹിതനാണു കൊല്ലപ്പെട്ടതെന്ന് നൈജീരിയയിലെ ആംഗ്ലിക്കൻ സഭാ മേധാവി ആർച്ച്ബിഷപ് ഹെൻറി എൻഡാകുബ അറിയിച്ചു. ഇദ്ദേഹത്തിന്റെ ഭാര്യയും മകളും അക്രമികളുടെ തടങ്കലിൽ തുടരുകയാണ്. കഡുന ആംഗ്ലിക്കൻ രൂപതയിൽ ഏറെ ബഹുമാനിതയായിരുന്ന എഡ്വിൻ ആച്ചിയെ തോക്കുധാരികൾ നിസ്സി ഗ്രാമത്തിലെ അദ്ദേഹത്തിന്റെ വസതിയിൽനിന്ന് ഭാര്യക്കും മകൾക്കുമൊപ്പമാണ് തട്ടിക്കൊണ്ടുപോയത്. ഒരു മാസത്തെ യാതനയ്ക്കു ശേഷം അക്രമികൾ പുരോഹിതനെ ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നുവെന്ന് ആർച്ച്ബിഷപ് ഹെൻറി എൻഡാകുബ വിശദീകരിച്ചു. പുരോഹിതനെ മോചിപ്പിക്കാൻ 60 കോടി നൈറ (ഏകദേശം 4.16 ലക്ഷം ഡോളർ) നല്കണമെന്ന് അക്രമികൾ ആവശ്യപ്പെട്ടിരുന്നു. തുക പിന്നീട് 20 കോടി നൈറയായി കുറച്ചു.

തട്ടിക്കൊണ്ടുപോകപ്പെട്ട പുരോഹിതൻ കൊല്ലപ്പെട്ടെന്ന വാർത്തയോട് പ്രതികരിക്കാൻ കഡുന പോലീസ് വകുപ്പ് തയാറായില്ലെന്ന് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ഇതിനിടെ, ഈ മാസം 21ന് നൈജർ സംസ്ഥാനത്തെ സെൻറ് മേരീസ് കാത്തലിക് സ്കൂളിൽനിന്ന് തട്ടിക്കൊണ്ടുപോകപ്പെട്ട 253 വിദ്യാർഥികൾക്കും 12 സ്കൂൾ ജീവനക്കാർക്കുമായി നൈജീരിയൻ അധികൃതർ തെരച്ചിൽ തുടരുകയാണ്. 303 വിദ്യാർഥികൾ അടക്കം 315 പേരെയാണ് തട്ടിക്കൊണ്ടുപോയതെങ്കിലും ഇതിൽ 50 കുട്ടികൾ രക്ഷപ്പെട്ടു തിരിച്ചെത്തിയിരുന്നു. സംഭവത്തിന്റെ പശ്ചാത്തലത്തിൽ പ്രസിഡൻറ് ബോല ടിനുബു നൈജീരിയയിൽ സുരക്ഷാ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്.

# സുമാത്ര വെള്ളപ്പൊക്കവും മണ്ണിടിച്ചിലും; മരണം 303, മുന്നൂറോളം പേരെ കാണാനില്ല

ജക്കാർത്ത: ഇന്തോനേഷ്യയിലെ സുമാത്ര ദ്വീപിൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും മരിച്ചവരുടെ എണ്ണം 303 ആയി. മുന്നൂറോളം പേരെ കാണാനില്ല. നിരവധി പേരെ ക്യാന്പുകളിലേക്ക് മാറ്റി. സുമാത്ര പ്രവിശ്യയിലെ 15 നഗരങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽ 17,000 വീടുകൾ മുങ്ങിയെന്നാണു കണക്ക്.

ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലൻഡ് എന്നിവിടങ്ങളിലുള്ള ഭൂരിഭാഗം പ്രദേശങ്ങളും ഒരാഴ്ചയായി ചുഴലിക്കാറ്റ് മൂലമുള്ള പേമാരിയിൽ വലയുകയാണ്. മണ്ണിടിച്ചിലിൽ റോഡുകൾ തകരുകയും ആശയവിനിമയ സൗകര്യങ്ങൾ നശിക്കുകയും ചെയ്തതോടെ ദ്വീപ് ഒറ്റപ്പെട്ട നിലയിലാണ്. ഹെലിക്കോപ്റ്ററുകൾ ഉപയോഗിച്ച് പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുന്നുണ്ട്.

മണ്ണിടിച്ചിലിനെത്തുടർന്ന് റോഡിന്റെ മറുഭാഗത്ത് ആളുകൾ കുടുങ്ങിക്കിടക്കുകയാണെന്നും ഇന്തോനേഷ്യ സൈനിക മേധാവി സുഹര്യാൻറോ വാർത്താ ഏജൻസികളോട് പ്രതികരിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഹായിക്കുന്നതിനായി കൂടുതൽ സൈന്യത്തെ എത്തിക്കുമെന്നും അദ്ദേഹം അറിയിച്ചു.

രണ്ട് ദിവസം മുമ്പ് ഇന്തോനേഷ്യയിലെ വടക്കൻ സുമാത്ര തീരത്തുള്ള ദ്വീപിൽ 6.6 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം രേഖപ്പെടുത്തിയിരുന്നു. സിമെലു ദ്വീപിൽ 25 കിലോമീറ്റർ താഴ്ചയിലാണ് ഭൂകമ്പം ഉണ്ടായതെന്നും നാശനഷ്ടങ്ങളോ സുനാമി മുന്നറിയിപ്പോ ഉണ്ടായതായി റിപ്പോർട്ടുകളൊന്നുമില്ലെന്നും യുണൈറ്റഡ് സ്റ്റേറ്റ്സ് ജിയോളജിക്കൽ സർവേ വ്യക്തമാക്കി. ഇതിന് പിന്നാലെയാണ് മഴ ശക്തമായത്.

# അബ്ദുൾ റഹീമിന്റെ മോചനം തുടർനടപടികൾ ആരംഭിച്ചു

റിയാദ്: റിയാദിലെ ജയിലിൽ മോചനം കാത്ത് കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൾ റഹീമിന്റെ കേസ് ഫയൽ ഗവർണറേറ്റിൽനിന്ന് ബന്ധപ്പെട്ട വിവിധ വകുപ്പുകളിലേക്ക് നീക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ഫയൽ അയച്ചതായുള്ള വിവരം അഭിഭാഷകർക്കും ഇന്ത്യൻ എംബസിക്കും പവർ ഓഫ് അറ്റോർണി സിദ്ദിഖ് തുവ്വൂരിനും ലഭിച്ചതായി റിയാദിലെ അബ്ദുൾ റഹിം നിയമസഹായ സമിതി അറിയിച്ചു. ഇതിനോടകം 19 വർഷത്തിലധികം ജയിൽ ശിക്ഷ പൂർത്തിയാക്കിയ അബ്ദുൾ റഹീമിന് അവശേഷിക്കുന്ന ശിക്ഷാകാലയളവിൻമേൽ ഇളവു നൽകി മാപ്പ് ലഭിക്കാനുള്ള ശ്രമത്തിലാണ് റഹീമിന്റെ അഭിഭാഷകരും എംബസിയും നിയമ സഹായസമിതിയും.

ശിക്ഷയിൽ ഇളവ് നൽകുന്നത് പരിഗണിക്കണമെന്ന് അഭിഭാഷകരായ റെന, അബുഫൈസൽ എന്നിവർ മുഖേന നിയമസഹായ സമിതി റിയാദ് ഗവർണർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. വിധിപ്രകാരം ശിക്ഷാ കാലയളവായ 20 വർഷം 2026 മേയ് 20നാണ് പൂർത്തിയാവുക. നടപടികളുടെ പുരോഗതിയുമായി ബന്ധപ്പെട്ട് വിവിധ കാര്യാലയങ്ങളെ സമീപിച്ചപ്പോഴാണ് ഗവർണറേറ്റിൽ നിന്നുള്ള നടപടികൾ പൂർത്തിയാക്കി ഫയൽ മറ്റു വകുപ്പുകളിലേക്ക് അയച്ച കാര്യം അധികൃതർ അറിയിച്ചത്.

# സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 4 ന്

2025–26 അദ്ധ്യയന വർഷത്തെ അല്ലൈഡ് ഹെൽത്ത് സയൻസ്സ് കോഴ്സുകൾക്ക് സർക്കാർ/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള എസ്. സി / എസ്. ടി സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 4 ന് എൽ.ബി.എസ്സ് സെന്റർ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ വച്ച് രാവിലെ 10 ന് നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ രാവിലെ 10.30 നകം നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്താൽ മാത്രമെ പ്രസ്തുത സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കും. മുൻ അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ NOC (നിരാക്ഷേപ പത്രം) ഓൺലൈനായി സമർപ്പിക്കണം. ഒഴിവുകളുടെ വിശദാംശങ്ങൾ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ അലോട്ട്മെന്റിനു മുൻപ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം തന്നെ നിർദ്ദിഷ്ടഫീസ് ഒടുക്കണം. അലോട്ട്മെന്റിനുശേഷം കോഴ്സ്/കോളേജ് മാറ്റം അനുവദിക്കില്ല. വിശദ വിവരങ്ങൾ 0471–2560361, 362, 363, 364 എന്നീ നമ്പറുകളിലും www.lbscentre.kerala.gov.in വെബ്സൈറ്റിലും ലഭ്യമാണ്.

# വെനിസ്വേലൻ വ്യോമാതിർത്തി ഒഴിവാക്കാൻ വിമാനക്കമ്പനികളോട് ഡോണൾഡ് ട്രംപ്

വാഷിംഗ്ടൺ ഡിസി: വെനിസ്വേലൻ വ്യോമാതിർത്തി ഒഴിവാക്കാൻ വിമാനക്കമ്പനികൾ, പൈലറ്റുമാർ എന്നിവർക്ക് നിർദേശം നൽകി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ മുന്നറിയിപ്പ്. ലഹരികടത്ത് ആരോപിച്ച് വെനസ്വേലയ്ക്കെതിരെ സൈനിക നടപടിയുണ്ടാകുമെന്ന ഭീഷണിക്കു പിന്നാലെയാണ് വ്യോമാതിർത്തി ഒഴിവാക്കാൻ രാജ്യാന്തര വിമാനക്കമ്പനികളോട് ട്രംപ് ആവശ്യപ്പെട്ടത്. സാധാരണനിലയിൽ അതതു രാജ്യം തന്നെയാണു വ്യോമമേഖല അടച്ചതായി പ്രഖ്യാപിക്കുക. ട്രംപിന്റെ നിർദേശത്തെ വെനസ്വേലയുടെ വിദേശകാര്യ മന്ത്രി അപലപിച്ചു. നീക്കം കൊളോണിയലിസ്റ്റ് ഭീഷണിയാണെന്നും വെനസ്വേലയിലെ ജനങ്ങൾക്കെതിരായ അതിരുകടന്നതും നിയമവിരുദ്ധവുമായ ആക്രമണത്തെ നീതീകരിക്കാനാവില്ലെന്നും അദ്ദേഹം വിശേഷിപ്പിച്ചു. വെനസ്വേലൻ പ്രസിഡൻറ് നിക്കോളാസ് മഡുറോയെ അധികാരത്തിൽനിന്ന് പുറത്താക്കാനുള്ള ശ്രമങ്ങൾ ട്രംപ് ഭരണകൂടം ശക്തമാക്കുന്നതിനിടെയാണ് വ്യോമപാത അടച്ചുകൊണ്ടുള്ള പുതിയ പ്രഖ്യാപനം. വെനസ്വേലയ്ക്കു മുകളിലൂടെ പറക്കുന്നത് അപകടകരമാണെന്നു കഴിഞ്ഞയാഴ്ച അമേരിക്കൻ വിമാനക്കമ്പനികൾക്കു ട്രംപ് ഭരണകൂടം മുന്നറിയിപ്പു നൽകിയിരുന്നു. ഇതെത്തുടർന്ന് സർവീസ് നിർത്തിയ ആറ് പ്രമുഖ അമേരിക്കൻ വിമാനക്കമ്പനികളുടെ അംഗീകാരം വെനസ്വേല പിൻവലിക്കുകയും ചെയ്തു.

വെനസ്വേല സർക്കാരിന്റെ പിന്തുണയോടെയാണ് യുഎസിലേക്ക് ലഹരികടത്ത് നടത്തുന്നതെന്നാണ് ട്രംപിന്റെ ആരോപണം. ഇത് വെനസ്വേല നിഷേധിച്ചിരുന്നു.

# ബിഹാറിനായി വൈഭവ് സൂര്യവൻഷിയുടെ വെടിക്കെട്ട് സെഞ്ചുറി; മത്സരം സ്വന്തമാക്കി മഹാരാഷ്ട്ര

കോൽക്കത്ത: സയ്യിദ് മുഷ്താഖ് അലി ടി20 ട്രോഫിയിൽ ബിഹാറിനെതിരെ മഹാരാഷ്ട്രയ്ക്ക് ജയം. കോൽക്കത്ത ഈഡൻ ഗാർഡൻസിൽ നടന്ന മത്സരത്തിൽ മൂന്ന് വിക്കറ്റിനാണ് മഹാരാഷ്ട്ര വിജയിച്ചത്.

ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ബിഹാർ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 176 റൺസാണ് എടുത്തത്. വെടിക്കെട്ട് സെഞ്ചുറി നേടിയ യുവതാരം വൈഭവ് സൂര്യവൻഷിയുടെ മികവിലാണ് ബിഹാർ മികച്ച സ്കോർ പടുത്തുയർത്തിയത്. വൈഭവ് 61 പന്തിൽ പുറത്താവാതെ 108 റൺസാണ് നേടിയത്.

മുഷ്താഖ് അലിയിൽ സെഞ്ചുറി പൂർത്തിയാക്കുന്ന പ്രായം കുറഞ്ഞ താരമാണ് വൈഭവ്.

14 കാരന്റെ ഇന്നിംഗ്സിൽ ഏഴ് വീതം സിക്സും ഫോറുമുണ്ടായിരുന്നു. മുഷ്താഖ് അലി ട്രോഫിയിൽ വൈഭവിന്റെ ആദ്യ സെഞ്ചുറിയാണിത്. കളിക്കുന്ന അഞ്ചാം മത്സരത്തിൽ തന്നെ വൈഭവിന് സെഞ്ചുറി പൂർത്തിയാക്കാൻ സാധിച്ചു.

അടുത്തിടെ അവസാനിച്ച റൈസിംഗ് സ്റ്റാർസ് ഏഷ്യാ കപ്പിൽ തകർപ്പൻ പ്രകടനം പുറത്തെടുത്തിരുന്നു വൈഭവ്. നാല് മത്സരം മാത്രം കളിച്ച താരം റൺവേട്ടക്കാരിൽ രണ്ടാം സ്ഥാനത്തായിരുന്നു. 239 റൺസാണ് വൈഭവ് നേടിയത്. 22 സിക്സുകളും 20 ഫോറുകളും വൈഭവിന്റെ ബാറ്റിൽ നിന്ന് പറന്നു. ഒരു സെഞ്ചുറിയും വൈഭവ് നേടിയിരുന്നു.

മറുപടി ബാറ്റിംഗിനിറങ്ങിയ മഹാരാഷ്ട്ര അഞ്ച് പന്ത് ബാക്കി നിൽക്കെ വിജയലക്ഷ്യം മറികടന്നു. നായകൻ പൃഥ്വി ഷായുടെ അർധ സെഞ്ചുറിയുടെയും നിരജ് ജോഷിയുടെയും രഞ്ജീത്ത് നിക്കാമിന്റെയും നിഖിൽ നായക്കിന്റെയും മികച്ച ഇന്നിംഗ്സുകളുടെയും മികവിലാണ് ബിഹാർ വിജയലക്ഷ്യം മറികടന്നത്.

പൃഥ്വി ഷാ 66 റൺസാണ് എടുത്തത്. നിരജ് 30 റൺസും രഞ്ജീത്ത് 27 റൺസും നിഖിൽ 22 റൺസുമാണ് സ്കോർ ചെയ്തത്. ബിഹാറിന് വേണ്ടി സക്കിബുൾ ഗനിയും മുഹമ്മദ് സലാഹുദിൻ ഇസാറും രണ്ട് വിക്കറ്റ് വീതവും സക്കീബ് ഹസൻ, സൂരജ് കശ്യപ്, ഖാലിദ് അലാം എന്നിവർ ഓരോ വിക്കറ്റ് വീതവും എടുത്തു.

# ഇസ്രയേൽ–ഹമാസ് യുദ്ധം; ഇതുവരെ കൊല്ലപ്പെട്ടത് 70, 000ൽ അധികം പേർ

ഗാസ: ഇസ്രയേൽ–ഹമാസ് യുദ്ധത്തിൽ ഇതുവരെ 70, 000ൽ അധികം പേർ കൊല്ലപ്പെട്ടതായി ഗാസയിലെ ആരോഗ്യ മന്ത്രാലയം. ശനിയാഴ്ചയാണ് ഹമാസ് നിയന്ത്രണത്തിലുള്ള ഗാസയിലെ ആരോഗ്യ മന്ത്രാലയം ഇക്കാര്യം പ്രസ്താവനയിലൂടെ അറിയിച്ചത്.

യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 70, 100 ആയി ഉയർന്നതായാണ് ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചത്. കഴിഞ്ഞ 48 മണിക്കൂറിൽ ഗാസ മുനമ്പിലെ ആശുപത്രികളിൽ രണ്ട് മൃതദേഹങ്ങൾ എത്തിയതായും മന്ത്രാലയം വ്യക്തമാക്കി. യുഎസ് മധ്യസ്ഥതയിൽ ഒക്ടോബർ 10 ന് വെടിനിർത്തൽ പ്രാബല്യത്തിൽ വന്നിരുന്നു. എന്നാൽ ഇതിനുപിന്നാലെയുണ്ടായ ഇസ്രയേൽ വെടിവയ്പ്പിൽ 354 പലസ്തീനികൾ കൊല്ലപ്പെട്ടതായും മന്ത്രാലയം അറിയിച്ചു. 2023 ഒക്ടോബർ 7ന് ഇസ്രയേലിനെതിരെ ഹമാസ് നടത്തിയ ആക്രമണത്തെ തുടർന്നാണ് ഗാസയിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വന്ന ശേഷം ഹമാസ് 20 ബന്ദികളെയും 28 പേരുടെ മൃതദേഹങ്ങളും കൈമാറിയിരുന്നു. ഇതിനുപകരമായി ഇസ്രയേൽ ബന്ദികളാക്കിയിരുന്ന 2,000 പലസ്തീനികളെ മോചിപ്പിക്കുകയും നൂറുകണക്കിന് മൃതദേഹങ്ങൾ തിരികെ നൽകുകയും ചെയ്തു.

# പി.ജി. ആയുർവേദം: ഒന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

കേരളത്തിലെ സർക്കാർ/ എയ്ഡഡ് ആയുർവേദ കോളേജുകളിലേയും സ്വാശ്രയ ആയുർവേദ കോളേജുകളിലെയും സർക്കാർ സീറ്റുകളിലേയ്ക്കുള്ള 2025–26 അധ്യയന വർഷത്തെ ആയുർവേദ കോഴ്സുകളിലേയക്കുള്ള പ്രവേശനത്തിനായുള്ള ഒന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശനം നേടാനുള്ള അവസാന തീയതി ഡിസംബർ 6 വൈകിട്ട് 3 മണിവരെ. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് സന്ദർശിക്കാം.

# പൗരന്മാരെ നിരീക്ഷിക്കാനുള്ള തന്ത്രമെന്ന് പ്രതിപക്ഷം

ന്യൂഡൽഹി: ഇന്ത്യയിൽ നിർമിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ എല്ലാ മൊബൈൽ ഫോണുകളിലും സഞ്ചാർ സാഥി ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യണമെന്ന് മൊബൈൽ ഫോൺ നിർമാതാക്കളോട് കേന്ദ്രസർക്കാർ നിർദേശത്തിനെതിരെ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ രംഗത്ത്.

സർക്കാർ നീക്കം പൗരന്മാരെ നിരീക്ഷിക്കാനുള്ള തന്ത്രമാണെന്നും നിർദേശം ഉടൻ പിൻവലിക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു.സൈബർ തട്ടിപ്പുകളിൽ നിന്ന് പൗരന്മാരെ സംരക്ഷിക്കാനും നഷ്ടപ്പെട്ട ഫോണുകൾ വീണ്ടെടുക്കാനും സഹായിക്കാനാണ് ഈ നീക്കം ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

മൂന്നു മാസത്തിനകം നിർദേശം നടപ്പാക്കാനാണ് ആപ്പിൾ, സാംസഗ്, വിവോ, ഒപ്പോ, ഷവോമി തുടങ്ങിയ സ്മാർട്ട് ഫോൺ നിർമാതാക്കൾക്ക് കേന്ദ്ര ടെലികമ്യൂണിക്കേഷൻ വകുപ്പ് നിർദേശം നൽകിയത്.

നിലവിൽ സഞ്ചാർ സാഥി ആപ് ആപ്പിൾ സ്റ്റോർ അല്ലെങ്കിൽ ഗൂഗിൾ ആപ് സ്റ്റോറിൽനിന്ന് ഡൗൺലോഡ് ചെയ്യണം. ഇൻസ്റ്റാൾ ചെയ്യണോ വേണ്ടയോ എന്നത് ഉപഭോക്താക്കളുടെ ഇഷ്ടമായിരുന്നു. ഇതിനാണ് മാറ്റം വരുന്നത്.

120 കോടിയിലധികം മൊബൈൽ ഫോൺ ഉപഭോക്താക്കളുള്ള ലോകത്തിലെ ഏറ്റവും വലിയ മൊബൈൽ ഫോൺ വിപണികളിലൊന്നാണ് ഇന്ത്യ. ഇപ്പോൾ ഉപയോഗിക്കുന്ന ഫോണുകളിൽ അപ്ഡേറ്റ് ആയി സഞ്ചാർ സാഥി ആപ്പ് എത്തും. ടെലികോം സൈബർ സുരക്ഷാ ചട്ടത്തിലെ പുതിയ അധികാരങ്ങൾ ഉപയോഗിച്ചാണ് കേന്ദ്രസർക്കാർ ഉത്തരവ്.

# മാനംകാത്ത് വില്യംസണും ബ്രേസ്വെല്ലും; ക്രൈസ്റ്റ് ചർച്ചിൽ കിവീസിന് ഭേദപ്പെട്ട തുടക്കം

ക്രൈസ്റ്റ് ചർച്ച്: വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ന്യൂസിലൻഡിന് ഭേദപ്പെട്ട തുടക്കം. ആദ്യദിനം കളി അവസാനിപ്പിക്കുമ്പോൾ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 231 റൺസെന്ന നിലയിലാണ് ആതിഥേയർ.

നാലു റൺസ് വീതവുമായി സാക് ഫോക്സും ജേക്കബ് ഡഫിയുമാണ് ക്രീസിൽ. 52 റൺസെടുത്ത കെയ്ൻ വില്യംസണാണ് ടോപ് സ്കോറർ. നായകൻ ടോം ലാഥം (24), ടോം ബ്ലണ്ടൽ (29), മൈക്കൽ ബ്രേസ്വൽ (47), നഥാൻ സ്മിത്ത് (23) എന്നിവരും ഭേദപ്പെട്ട പ്രകടനം കാഴ്ചവച്ചു. അതേസമയം, ഡെവൺ കോൺവേ (പൂജ്യം), രചിൻ രവീന്ദ്ര (മൂന്ന്) എന്നിവർ തീർത്തും നിരാശപ്പെടുത്തി. വെസ്റ്റ് ഇൻഡീസിനു വേണ്ടി കെമർ റോച്ച്, ഒജയ് ഷീൽഡ്സ്, ജസ്റ്റിൻ ഗ്രീവ്സ് എന്നിവർ രണ്ടുവിക്കറ്റ് വീതം വീഴ്ത്തിയപ്പോൾ ജെയ്ഡൻ സീൽസ്, ജൊഹാൻ ലെയ്ൻ, റോസ്റ്റൺ ചെയ്സ് എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശബരിമല സ്വർണക്കൊള്ളക്കേസിൽ വലിയ ഒരു അറസ്റ്റിന് കേരളം കാത്തിരിക്കുന്നു: വി. ഡി. സതീശൻ

പത്തനംതിട്ട: ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് വലിയ ഒരു അറസ്റ്റ് ഉണ്ടാകുമെന്നു തന്നെയാണ് കേരളം പ്രതീക്ഷിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. പത്തനംതിട്ട പ്രസ്ക്ലബ്ബിൽ 'തദ്ദേശം 2025 മീറ്റ് ദി ലീഡർ' പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ തെരഞ്ഞെടുപ്പ് കാലം ആയതുകൊണ്ടാകാം ആ അറസ്റ്റ് വൈകുന്നത്. അറസ്റ്റ് വൈകിപ്പിക്കാൻ ഉദ്യോഗസ്ഥരുടെ മേൽ സമ്മർദമുണ്ടാകാമെന്നും സതീശൻ പറഞ്ഞു. ഉണ്ണികൃഷ്ണൻ പോറ്റിയെ ദേവസ്വം ബോർഡിലേക്ക് എത്തിച്ചതിനു പിന്നിൽ പ്രേരകമായ ഒരാളുണ്ട്. ആ ആളിന്റെ അറസ്റ്റാണ് ഉണ്ടാകേണ്ടതെന്നും സതീശൻ കൂട്ടിച്ചേർത്തു.

എ. പത്മകുമാറിനെ സിപിഎം ജില്ലാ കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കാതിരുന്നത് അദ്ദേഹത്തെ ഭയപ്പെട്ടിട്ടാണ്. പത്മകുമാറിനെ പ്രകോപിപ്പിച്ചാൽ അദ്ദേഹം പലതും വിളിച്ചു പറയുമോയെന്ന ഭയം സിപിഎമ്മിനുണ്ട്. സ്വർണക്കൊള്ളക്കാരെ സംരക്ഷിക്കുന്ന പാർട്ടിയാണ് കോൺഗ്രസിനെ കുറ്റപ്പെടുത്തുന്നത്.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരേ ശക്തമായ നടപടിയാണ് കോൺഗ്രസ് എടുത്തത്. പാർട്ടിയുടെ മുമ്പിൽ ഒരു പരാതി പോലും വരാതെ സംഘടനാപരമായ നടപടിയെടുത്തു. തെറ്റായ കാര്യങ്ങൾ ആരു ചെയ്താലും അവരെ കോൺഗ്രസ് സംരക്ഷിക്കില്ല. തെരഞ്ഞെടുപ്പ് കാലത്ത് ശബരിമല സ്വർണക്കൊള്ള വിഷയത്തിൽ നിന്ന് ഒളിച്ചോടാനുള്ള ശ്രമമാണ് സിപിഎം നടത്തുന്നതെന്നും സതീശൻ ആരോപിച്ചു.

ശബരിമല തീർഥാടനക്രമീകരണങ്ങളിലും ഗുരുതര വീഴ്ചയുണ്ടായി. ശബരിമലയിലെ സ്ഥിതി ഭയാനകമെന്ന് ചുമതലയേറ്റ രണ്ടാംദിവസം ദേവസ്വം ബോർഡ് പ്രസിഡൻറിനു പറയേണ്ടിവന്നു. തീർഥാടനകാലം ആരംഭിക്കുന്നതിന് ആറുദിവസം മുമ്പാണ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നത്. മണ്ഡലകാല ക്രമീകരണങ്ങളിൽ വീഴ്ചയുണ്ടായത് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം മൂലമാണെന്ന വാദം വസ്തുതകൾക്കു നിരക്കുന്നതല്ല.

ഭരണവിരുദ്ധ വികാരം സംസ്ഥാനത്ത് അലയടിക്കുകയാണ്. മസാല ബോണ്ടുമായി ബന്ധപ്പെട്ടുണ്ടായ അഴിമതി കേന്ദ്ര ഏജൻസി അന്വേഷിക്കുക തന്നെ വേണം. കോടികളുടെ അഴിമതി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇഡി ഒന്നും ചെയ്യുകയില്ലെന്നും ഭയപ്പെടുത്തുക മാത്രമാണ് ലക്ഷ്യമെന്നും സതീശൻ പറഞ്ഞു.

# മുൻകൂർ ജാമ്യ ഹർജി അടച്ചിട്ട കോടതി മുറിയിൽ പരിഗണിക്കണം: പുതിയ ഹർജിയുമായി രാഹുൽ

തിരുവനന്തപുരം: ബലാത്സംഗ കേസിൽ തന്റെ മുൻകൂർ ജാമ്യഹർജി അടച്ചിട്ട കോടതി മുറിയിൽ പരിഗണിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നല്കി രാഹുൽ മാങ്കൂട്ടത്തിൽ. ബിഎൻസ് 366 വകുപ്പ് പ്രകാരമാണ് തിരുവനന്തപുരം സെഷൻസ് കോടതിയിൽ ഹർജി നല്കിയത്.

അതേസമയം, അടച്ചിട്ട കോടതിയിൽ കേസ് പരിഗണിക്കണമെന്ന് പ്രോസിക്യൂഷനും ആവശ്യപ്പെട്ടിട്ടുണ്ട്. ബുധനാഴ്ചയാണ് രാഹുലിന്റെ മുൻകൂർ ജാമ്യ ഹർജി പരിഗണിക്കുന്നത്.

ഈ വകുപ്പ് പ്രകാരം കോടതിക്ക് നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് പൂർണ വിലക്ക് ഏർപ്പെടുത്താൻ കഴിയും. പ്രതിയുടെയോ ഇരയുടെയോ പേര് ഒഴിവാക്കി വാർത്ത കൊടുക്കാൻ കോടതിക്ക് അനുമതി നൽകാം.

അതേസമയം, ആറാംദിനവും ഒളിവിലുള്ള രാഹുൽ മാങ്കൂട്ടത്തിലിനെ കണ്ടെത്താൻ പ്രത്യേക അന്വേഷണ സംഘത്തിനായില്ല. തിങ്കളാഴ്ച തമിഴ്നാട്ടിലെ പൊള്ളാച്ചിയിലും തെരച്ചിൽ നടത്തിയെങ്കിലും സൂചനകളൊന്നും ലഭിച്ചില്ല. രാഹുൽ പാലക്കാട്ടുനിന്ന് മുങ്ങിയ ചുവന്ന കാർ ഒരു ചലച്ചിത്ര താരത്തിൻറേതെന്ന സംശയത്തിൽ കാറിനെ കേന്ദ്രീകരിച്ചും അന്വേഷണം നടത്തുന്നുണ്ട്. സംശയത്തിന്റെ നിഴലിൽനിൽക്കുന്ന യുവനടിയെ ഉടൻ ചോദ്യം ചെയ്തേക്കുമെന്നും സൂചനകളുണ്ട്.

കാറിന്റെ ഉടമസ്ഥ യുവനടിയാണെങ്കിലും രാഹുലിനെ കടത്തിയത് ഒരു കോൺഗ്രസ് നേതാവാണെന്നും അന്വേഷണ സംഘത്തിനു സൂചന ലഭിച്ചിട്ടുണ്ട്. ഇയാളെ കണ്ടെത്താനും അന്വേഷണം തുടങ്ങിയിട്ടുണ്ട്. ഞായറാഴ്ച പുലർച്ചെ ജില്ലയിലെത്തിയ സംഘം രാഹുലിന്റെ ഫ്ളാറ്റും എംഎൽഎ ഓഫീസും കേന്ദ്രീകരിച്ച് നിരവധി തവണ പരിശോധന നടത്തി.

കണ്ണാടിയിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതിനിടെയാണ് രാഹുൽ ഒളിവിൽ പോയത്. സിസി ടിവി കാമറകളിൽ പതിയാതെ കണ്ണാടിയിലെ ഫ്ളാറ്റിലെത്തി പിന്നീട് ചുവന്ന കാറിൽ ജില്ല വിട്ടെന്നാണ് അന്വേഷണസംഘം കരുതുന്നത്.

അതേസമയം തെറ്റിദ്ധരിപ്പിക്കാനും തെളിവ് നശിപ്പിക്കാനും രാഹുലിന്റെ ഭാഗത്ത് നിന്ന് നീക്കം നടക്കുണ്ടെന്നാണ് അന്വേഷണ സംഘം കരുതുന്നത്. രാഹുൽ മുങ്ങിയ കഴിഞ്ഞ വ്യാഴാഴ്ചത്തെ സിസിടിവി ദൃശ്യങ്ങൾ ഡിവിആറിൽ നിന്ന് നശിപ്പിച്ച നിലയിലാണ്. അപ്പാർട്ട്മെൻറ് കെയർടേക്കറെ സ്വാധീനിച്ച് ഡിലീറ്റ് ചെയ്തെന്നാണ് സംശയം.

# ഡിജിറ്റൽ അറസ്റ്റിൽ സിബിഐ അന്വേഷണം

ന്യൂഡൽഹി: ഇന്ത്യയിൽ ഡിജിറ്റൽ അറസ്റ്റുമായി ബന്ധപ്പെട്ട കേസുകൾ ഏകോപിപ്പിച്ച് അന്വേഷിക്കുന്നതിന് സിബിഐയെ ചുമതലപ്പെടുത്തി സുപ്രീംകോടതി. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്ന കേസുകൾ ആദ്യം സിബിഐ അന്വേഷിക്കണമെന്നും മറ്റു തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ തുടർന്നുള്ള ഘട്ടങ്ങളിൽ ഏറ്റെടുക്കാമെന്നും ചീഫ് ജസ്റ്റീസ് സൂര്യകാന്ത്, ജസ്റ്റീസ് ജോയ്മല്യ ബാഗ്ജി എന്നിവരടങ്ങിയ ബെഞ്ച് ഉത്തരവിട്ടു.

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾക്കു പുറമെ നിക്ഷേപ തട്ടിപ്പുകൾ, പാർട്ട് ടൈം ജോലി തട്ടിപ്പുകൾ എന്നിങ്ങനെ അമിക്കസ് ക്യൂറി എടുത്തുകാണിച്ച സൈബർ കുറ്റകൃത്യങ്ങളും കോടതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഡിജിറ്റൽ അറസ്റ്റുമായി ബന്ധപ്പെട്ട് സുപ്രീം കോടതി സ്വമേധയാ സ്വീകരിച്ച കേസിലാണ് നടപടി.

ഇതോടൊപ്പം ഇത്തരം തട്ടിപ്പിനുപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് നിർമിതബുദ്ധിയോ (എഐ) മെഷീൻ ലേണിംഗ് സാങ്കേതികവിദ്യയോ ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോടും സുപ്രീംകോടതി ആവശ്യപ്പെട്ടു.

അന്വേഷണത്തിൽ സിബിഐയുമായി മികച്ച ഏകോപനം ഉറപ്പുവരുത്താൻ സംസ്ഥാന, റീജണൽ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെൻറർ സ്ഥാപിക്കണമെന്ന് എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും തടസമുണ്ടെങ്കിൽ അക്കാര്യം കോടതിയെ അറിയിക്കാനും നിർദേശമുണ്ട്. ഡിജിറ്റൽ അറസ്റ്റ് സംബന്ധിച്ച കേസുകളുടെ അന്വേഷണത്തിൽ സിബിഐക്ക് വിശദാംശങ്ങൾ കൈമാറാനും സഹകരണം നൽകാനും വിവരസാങ്കേതികവിദ്യ ദാതാക്കളോടും സുപ്രീം കോടതി ആവശ്യപ്പെട്ടു.

കുറ്റവാളികൾ വിദേശരാജ്യങ്ങളിൽനിന്നാണ് പ്രവർത്തിക്കുന്നതെങ്കിൽ അവരെ കണ്ടെത്തുന്നതിന് ഇൻറർപോളിൻറെ സഹായം സിബിഐക്ക് തേടാം. ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്പോൾ ആഭ്യന്തര മന്ത്രാലയം, ടെലികോം വകുപ്പ്, ധനമന്ത്രാലയം, ഇലക്ട്രോണിക്സ്, വിവരസാങ്കേതികവിദ്യ മന്ത്രാലയം എന്നിവ ഉൾപ്പെടെ വിവിധ മന്ത്രാലയങ്ങളുടെ അഭിപ്രായങ്ങൾ കോടതിയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്തയോട് സുപ്രീംകോടതി ആവശ്യപ്പെട്ടു.

ഇതിനൊപ്പം സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യതയുള്ളതിനാൽ പല സിം കാർഡുകൾ ഉപഭോക്താക്കൾക്ക് ടെലികോം സേവന ദാതാക്കൾ നൽകുന്നില്ലെന്ന് ടെലികോം വകുപ്പ് ഉറപ്പുവരുത്തണം. പൗരന്മാരുടെ പണം തട്ടിയെടുക്കാനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും അവരുടെ പോലീസ് സംവിധാനങ്ങൾക്ക് സിബിഐക്കൊപ്പം സ്വാതന്ത്ര്യം ഉണ്ടായിരിക്കും. തട്ടിപ്പിന് കൂട്ടുനിൽക്കുകയും വ്യാജ അക്കൗണ്ടുകൾ ഉപയോഗിക്കാൻ തട്ടിപ്പുകാരെ സഹായിക്കുകയും ചെയ്യുന്ന ബാങ്ക് ഉദ്യോഗസ്ഥരെക്കുറിച്ചും സിബിഐ അന്വേഷണം നടത്തും. ഡിജിറ്റൽ അറസ്റ്റിനെതിരേ കടുത്ത നടപടി സ്വീകരിക്കുമെന്ന് കേസ് പരിഗണിച്ചപ്പോൾ മുതൽ സുപ്രീംകോടതി മുന്നറിയിപ്പു നൽകിയിരുന്നു. ഹരിയാനയിൽനിന്നുള്ള വൃദ്ധദന്പതികളിൽനിന്ന് ഡിജിറ്റൽ അറസ്റ്റിൻറെ പേരിൽ പണം തട്ടിയെടുത്തത് ദന്പതികൾതന്നെ കത്തെഴുതി മുൻ ചീഫ് ജസ്റ്റീസ് ബി. ആർ. ഗവായിയെ അറിയിച്ചതോടെയാണ് വിഷയത്തിൽ സുപ്രീം കോടതി കേസ് രജിസ്റ്റർ ചെയ്ത് നടപടി ആരംഭിച്ചത്.

# 'സഞ്ചാർ സാഥി' ആപ്പ്; ഉപയോക്താക്കൾക്ക് ഡിലിറ്റ് ചെയ്യാൻ സാധിക്കുമെന്ന് കേന്ദ്ര മന്ത്രി

ന്യൂഡൽഹി: രാജ്യത്ത് നിർമിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ മൊബൈൽ ഫോണുകളിലും സഞ്ചാർ സാഥി ആപ്ലിക്കേഷൻ വേണമെന്ന കേന്ദ്ര നിർദേശത്തിൽ വിശദീകരണവുമായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

ആപ്ലിക്കേഷൻ സൈബർ സുരക്ഷ മുൻനിർത്തിയാണെന്നും ആപ്പിന്റെ കാര്യത്തിൽ നിർബന്ധമില്ലെന്നും മന്ത്രി പറഞ്ഞു. ഉപയോക്താക്കൾക്ക് ആപ് ഡിലീറ്റ് ചെയ്യാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അതേസമയം, സൈബർ തട്ടിപ്പുകളിൽ നിന്ന് പൗരന്മാരെ സംരക്ഷിക്കാനും നഷ്ടപ്പെട്ട ഫോണുകൾ വീണ്ടെടുക്കാനും സഹായിക്കാനാണ് സഞ്ചാർ സാഥി കൊണ്ട് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു.

മൂന്നു മാസത്തിനകം നിർദേശം നടപ്പാക്കാനാണ് ആപ്പിൾ, സാംസഗ്, വിവോ, ഒപ്പോ, ഷവോമി തുടങ്ങിയ സ്മാർട്ട് ഫോൺ നിർമാതാക്കൾക്ക് കേന്ദ്ര ടെലികമ്യൂണിക്കേഷൻ വകുപ്പ് നിർദേശം നൽകിയത്.

ടെലികോം സൈബർ സുരക്ഷാ ചട്ടത്തിലെ പുതിയ അധികാരങ്ങൾ ഉപയോഗിച്ചാണ് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

## മണിപ്പൂരിൽ പുനരധിവാസത്തിനു സമിതികൾ

ഇംഫാൽ: മണിപ്പൂരിൽ വംശീയ സംഘർഷത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാന്പുകളിൽ കഴിയുന്നവരെ തിരിച്ചയയ്ക്കുന്നതിനു ജില്ലാ, സംസ്ഥാനതല സമിതികൾ രൂപീകരിച്ചു.

ചീഫ് സെക്രട്ടറിയും ഡെപ്യൂട്ടി കമ്മീഷണർമാരും അടങ്ങുന്ന സമിതിയാകും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സമാധാനം തിരികെയെത്തിയതോടെ ദുരിതാശ്വാസ ക്യാന്പുകളിൽനിന്ന് ആളുകൾ സ്വന്തം സ്ഥലത്തേക്ക് മടങ്ങാൻ തുടങ്ങിയിരുന്നു.

## പ്രതിരോധ രഹസ്യങ്ങൾ ചോർത്തി നൽകിയെന്ന കേസ്; നിശാന്ത് അഗർവാൾ ജയിൽ മോചിതനാകും

നാഗ്പൂർ: പാക്കിസ്ഥാന് പ്രതിരോധ രഹസ്യങ്ങൾ ചോർത്തി നൽകിയെന്ന കേസിൽ ജയിലിൽ കഴിയുന്ന ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിലെ ശാസ്ത്രജ്ഞൻ നിശാന്ത് അഗർവാളിനെതിരെ ചുമത്തിയിരുന്ന പ്രധാന വകുപ്പുകൾ റദ്ദാക്കി.

ഐടി ആക്ട് പ്രകാരവും ഔദ്യോഗിക രഹസ്യ നിയമത്തിലേയും പ്രധാന വകുപ്പുകളാണ് റദ്ദാക്കിയിരിക്കുന്നത്. ഇതോടെ നിശാന്തിന് ജയിൽമോചനത്തിനുള്ള വഴി തുറക്കുകയാണ്. 2018ൽ ആയിരുന്നു നിശാന്ത് കേസിൽ അറസ്റ്റിലായത്. കേസിൽ കീഴ്ക്കോടതി നിശാന്തിനെ 14 വർഷത്തേക്കായിരുന്നു ശിക്ഷിച്ചത്. മേൽ കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭിച്ചതോടെയാണ് ജയിൽ മോചനം സാധ്യമാകുന്നത്. ഔദ്യോഗിക രേഖകൾ സ്വന്തം ഉപകരണത്തിൽ സൂക്ഷിച്ചത് മാത്രമാണ് ഇപ്പോൾ നിലനിൽക്കുന്ന കുറ്റം.

ഇതിന് കീഴ്ക്കോടതി മൂന്ന് വർഷത്തെ തടവാണ് വിധിച്ചത്. അറസ്റ്റിലായ ശേഷം അഗർവാൾ ഈ തടവ് കാലാവധി ഇതിനകം അനുഭവിച്ചിരുന്നതിനാലാണ് ജയിൽ മോചനത്തിന് സാധ്യത തെളിഞ്ഞത്.

## രാഹുൽ മാങ്കൂട്ടത്തിൽ ഒളിവിൽ താമസിച്ചത് ബാഗലൂരിലെ റിസോർട്ടിൽ; പോലീസ് വരുന്നതിന് മുൻപ് മുങ്ങി

തിരുവനന്തപുരം: പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഒളിവിൽ താമസിച്ചത് തമിഴ്നാട്- കർണാടക അതിർത്തിയായ ബാഗലൂരിലെ റിസോർട്ടിലെന്ന് റിപ്പോർട്ട്. പോലീസ് റിസോർട്ടിൽ എത്തുന്നതിന് മുമ്പ് രാഹുൽ മാങ്കൂട്ടത്തിൽ സ്ഥലത്ത് നിന്നും മുങ്ങി. ഞായറാഴ്ചയാണ് രാഹുൽ റിസോർട്ടിലെത്തിയതെന്നും അതിന് ശേഷം കർണാടകയിലേക്ക് കടന്നെന്നുമാണ് സൂചന. കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവടങ്ങളിലും രാഹുൽ താമസിച്ചതായും അന്വേഷണ സംഘത്തിന് വിവരം ലഭിച്ചിട്ടുണ്ട്. ഒളിവിലുള്ള രാഹുൽ കാറുകൾ മാറി മാറി ഉപയോഗിക്കുന്നതായും സംശയമുണ്ട്. ബുധനാഴ്ചയാണ് രാഹുൽ മാങ്കൂട്ടത്തിലിന്റെ മുൻകൂർ ജാമ്യാപേക്ഷ കോടതി പരിഗണിക്കുന്നത്.

## 95 വയസുകാരിയെ പീഡിപ്പിക്കാൻ ശ്രമം; വയോധികൻ അറസ്റ്റിൽ

പത്തനംതിട്ട: 95 വയസുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച 68 വയസുകാരൻ അറസ്റ്റിൽ. പത്തനംതിട്ട വടശേരിക്കരയിലാണ് സംഭവം. പ്രതി പത്രോസ് ജോണിനെ പെരുനാട് പോലീസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം പട്ടാപ്പകൽ ആയിരുന്നു സംഭവം. വീട്ടുമുറ്റത്ത് നിന്ന് വയോധികയെ ബലം പ്രയോഗിച്ചു കീഴ്പ്പെടുത്തി വായിൽ തുണി തിരികെ അകത്തേക്ക് കൊണ്ടുപോയി ലൈംഗികമായി ഉപയോഗിക്കാൻ ശ്രമിക്കുകയായിരുന്നു. മൽപ്പിടുത്തത്തിനിടയിൽ വായിലെ തുണി മാറിയതോടെ വയോധിക നിലവിളിച്ചു. ഇതോടെ നാട്ടുകാർ ഓടിയെത്തി പീഡന ശ്രമം തടഞ്ഞ് വയോധികയെ മോചിപ്പിച്ചു. തുടർന്ന് പത്രോസിനെ പോലീസിന് കൈമാറുകയായിരുന്നു. ഇയാൾ മദ്യലഹരിയിലായിരുന്നുവെന്ന് നാട്ടുകാർ പറഞ്ഞു. വീട്ടിൽ വയോധികയും മകളും മാത്രമാണ് ഉള്ളത്. മകൾ ജോലിക്ക് പോയ സമയത്തായിരുന്നു അക്രമം.

## പാപനാശം ബീച്ചിൽ വിദേശ വനിതയ്ക്ക് തെരുവ് നായയുടെ കടിയേറ്റു

തിരുവനന്തപുരം: വർക്കല പാപനാശം ബീച്ചിൽ വിദേശ വനിതയ്ക്ക് തെരുവ് നായയുടെ കടിയേറ്റു.

ബീച്ചിൽ വിശ്രമിക്കുകയായിരുന്ന ഇറ്റലി സ്വദേശിനി ഫ്ളാബിയയ്ക്ക് നേരെയാണ് നായയുടെ ആക്രമണമുണ്ടായത്. കാലിൽ കടിയേറ്റ ഇവർ സമീപത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിത്സതേടി. പരിക്ക് ഗുരുതരമല്ല. രണ്ട് നായകളാണ് ആക്രമിച്ചതെന്ന് വിദേശ വനിത പ്രതികരിച്ചു.

# തിരഞ്ഞെടുപ്പ്: സംസ്ഥാനത്ത് രണ്ട് ദിവസം പൊതു അവധി പ്രഖ്യാപിച്ച് സർക്കാർ

ഡിസംബർ 9, 11 തീയതികളിൽ നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാന സർക്കാർ രണ്ട് ദിവസം പൊതു അവധി പ്രഖ്യാപിച്ചു.

ഡിസംബർ 9, 11 തീയതികളിൽ ദിവസങ്ങളിൽ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവധിയായിരിക്കും.

സ്വകാര്യ മേഖലയിലെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾക്കും ഈ ദിവസങ്ങൾ ശമ്പളത്തോടെയുള്ള അവധിയായിരിക്കും.

ഡിസംബർ 9ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ പൊതു അവധിയായിരിക്കും. ഡിസംബർ 11ന് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ അവധിയായിരിക്കും.

വോട്ടെടുപ്പ് നടക്കുന്ന ജില്ലയിലെ വോട്ടർമാരായ, എന്നാൽ അവധി പ്രഖ്യാപിച്ചിട്ടില്ലാത്ത ജില്ലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക അവധി അനുവദിക്കും. കാഷ്വൽ ലീവ്, കമ്യൂട്ടഡ് ലീവ്, അർജിതാവധി എന്നിവ ഒഴികെ സ്പാർക്കിൽ ലഭ്യമായ മറ്റേതെങ്കിലും തരം പ്രത്യേക അവധി (Other Duty/Special Leave) തെരഞ്ഞെടുക്കാം. വോട്ടർ പട്ടികയിലെ പേരിന്റെ തെളിവ് ഹാജരാക്കണം.

സ്വകാര്യ മേഖലയിലെ ജീവനക്കാർക്കും ശമ്പളം കുറയ്ക്കാതെ പൂർണ അവധി നൽകണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും മുനിസിപ്പാലിറ്റി നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾ അനുശാസിക്കുന്നു. ഐടി കമ്പനികൾ, ഫാക്ടറികൾ, കടകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം ഇത് കർശനമായി നടപ്പാക്കാൻ ലേബർ കമ്മിഷണർക്ക് സർക്കാർ നിർദേശം നൽകി.

വോട്ടെടുപ്പ് നടക്കുന്ന മണ്ഡലത്തിലെ വോട്ടർമാരായ, എന്നാൽ താമസ-ജോലിസ്ഥലം വേറെ ജില്ലയിലായിരിക്കുന്ന ദിനക്കൂലി/കാഷ്വൽ തൊഴിലാളികളും ശമ്പളത്തോടെയുള്ള അവധിക്ക് അർഹരാണ്.

## നിരാഹാരത്തിലാണെന്ന് എഴുതി നൽകി; രാഹുൽ ഈശ്വറിനെ സെൻട്രൽ ജയിലിലേക്ക് മാറ്റി

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ കേസിലെ അതിജീവിതയെ അധിക്ഷേപിച്ച രാഹുൽ ഈശ്വറിനെ സെൻട്രൽ ജയിലിലേക്ക് മാറ്റി. താൻ നിരാഹര സമരത്തിലാണെന്ന് രാഹുൽ ജയിൽ സൂപ്രണ്ടിന് എഴുതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് രണ്ടോടെ രാഹുൽ ഈശ്വറിനെ ജയിൽ മാറ്റിയത്. രാഹുലിന്റെ ആരോഗ്യം നിരീക്ഷിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജയിൽ വകുപ്പ് പൂജപ്പുര ജില്ലാ ജയിലിൽ നിന്ന് സെൻട്രൽ ജയിലിലേക്ക് മാറ്റിയത്. ഇവിടെ ഡോക്ടറുടെ സേവനവും രാഹുൽ ഈശ്വറിന് ലഭിക്കുമെന്നാണ് റിപ്പോർട്ട്. നിലവിൽ വെള്ളം മാത്രം കുടിച്ചാണ് രാഹുൽ ജയിലിൽ കഴിയുന്നത് ജാമ്യമില്ലാ കുറ്റം ചുമത്തിയായിരുന്നു രാഹുലിനെ പോലീസ് അറസ്റ്റ് ചെയ്തത്. എന്നാൽ, അറസ്റ്റ് നിയമപരമല്ലെന്നും യുവതിയുടെ പേര് പറയുകയോ ചിത്രം പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്നുമാണ് രാഹുൽ ഈശ്വർ കോടതിയിൽ വാദിച്ചത്.

## യുട്യൂബർ കെ. എം. ഷാജഹാന്റെ വീട്ടിൽ പോലീസ് പരിശോധന

തിരുവനന്തപുരം: യുട്യൂബർ കെ. എം. ഷാജഹാന്റെ വീട്ടിൽ പോലീസ് പരിശോധന. ഉള്ളൂരിലെ വീട്ടിലാണ് പരിശോധന നടക്കുന്നത്. ഷാജഹാനും കുടുംബവും വീട്ടിലില്ലാത്ത സമയത്താണ് പോലീസ് സംഘം സ്ഥലത്തെത്തിയത്. പോലീസ് സംഘം എത്തിയപ്പോൾ വീട്ടിലെ ജോലിക്കാരി തടഞ്ഞുവെങ്കിലും പോലീസ് അകത്ത് കടക്കുകയായിരുന്നു. കോടതിയുടെ സേർച്ച് വാറണ്ടിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം. ഷാജഹാൻ സാമൂഹ്യ മാധ്യമങ്ങളിലൂടെ ജാതിസ്പർധ പ്രചരിപ്പിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി എഡിജിപി എസ്. ശ്രീജിത്ത് മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്.

## രാഹുൽ മാങ്കൂട്ടത്തിൽ കർണാടകയിലേക്ക് കടന്നതായി വിവരം

പാലക്കാട്: പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ കർണാടകയിലേക്ക് കടന്നതായി വിവരം. ഞായറാഴ്ച രാവിലെ വരെ രാഹുൽ തമിഴ്നാട്- കർണാടക അതിർത്തിയായ ബാഗലൂരിൽ ആയിരുന്നു. പിന്നാടെ കർണാടകയിലേക്ക് കടന്നതായാണ് വിവരം. ഒളിവിലുള്ള രാഹുൽ കാറുകൾ മാറി മാറി ഉപയോഗിക്കുന്നതായും സംശയമുണ്ട്. കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവടങ്ങളിലും താമസിച്ചതായും അന്വേഷണ സംഘത്തിന് വിവരം ലഭിച്ചിട്ടുണ്ട്. അതേസമയം, രാഹുൽ മാങ്കൂട്ടത്തിലിനായി അന്വേഷണസംഘം തമിഴ്നാട്ടിലെത്തി. ഒന്നിലധികം സംഘങ്ങളാണ് തിരച്ചിൽ നടത്തുന്നത്. അന്വേഷണസംഘം തമിഴ്നാട് പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായം തേടി. കോയമ്പത്തൂരും പൊള്ളാച്ചിയും കേന്ദ്രീകരിച്ചാണ് പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തുന്നത്. സഹായത്തിനായി തമിഴ്നാട് ക്യൂ ബ്രാഞ്ചും ഒപ്പമുണ്ട്.

## ആശമാരെ തൊഴിലാളികളായി കേന്ദ്രം അംഗീകരിക്കണം: പ്രിയങ്ക ഗാന്ധി എംപി

കൽപ്പറ്റ: ആശ പ്രവർത്തകരെ കേന്ദ്ര സർക്കാർ തൊഴിലാളികളായി അംഗീകരിക്കണമെന്ന് പ്രിയങ്ക ഗാന്ധി എംപി. ആശമാരെ സ്ഥിരംതൊഴിലാളികളായി അംഗീകരിക്കാൻ കേന്ദ്ര സർക്കാരിന് പദ്ധതിയുണ്ടോയെന്ന ചോദ്യം പാർലമെൻറിൽ പ്രിയങ്ക ഉന്നയിച്ചപ്പോൾ ആശാ പ്രവർത്തനം സന്നദ്ധപ്രവർത്തനം മാത്രമാണെന്ന മറുപടിയാണ് ലഭിച്ചത്. ഇതിനോടു പ്രതികരിക്കുകയായിരുന്നു എംപി. ആശമാർ ഗ്രാമീണ ആരോഗ്യ വ്യവസ്ഥയുടെ നട്ടെല്ലാണ്. കോടിക്കണക്കിനു ഇന്ത്യക്കാരുടെ സുരക്ഷയ്ക്ക് എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് പ്രവർത്തിക്കുന്നവരാണ് അവർ. വിപുലമായ ഉത്തരവാദിത്വങ്ങളും ദീർഘസമയ പ്രവർത്തനവും ആവശ്യപ്പെടുന്പോഴും അവരെ തൊഴിലാളികളായി അംഗീകരിക്കാൻ തയാറാകാത്തത് ദൗർഭാഗ്യകരമാണ്. ആഴ്ചയിൽ 40 മണിക്കൂറിലേറെ ജോലി ചെയ്യുന്ന ആശമാർക്കു ലഭിക്കുന്ന ഓണറേറിയം മിനിമം കൂലിക്ക് എത്രയോ താഴെയാണ്. ആശമാർ കൂടുതൽ അംഗീകാരം അർഹിക്കുന്നുണ്ടെന്നും എംപി പറഞ്ഞു.

## ലോഗോ പ്രകാശനം നടന്നു

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഔദ്യോഗിക ലോഗോയുടെ പ്രകാശനം ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ചേമ്പറിൽ സ്പെഷ്യൽ സെക്രട്ടറി ഡോ. വീണ എൻ. മാധവൻ നിർവഹിച്ചു. വകുപ്പ് ഡയറക്ടർ ജി.എസ്. രജത്, അഡീഷണൽ ഡയറക്ടർമാരായ രശ്മി സി.പി., ഷൈലമ്മ കെ., ഡെപ്യൂട്ടി ഡയറക്ടർ ഡി.എസ്. ഷിബുകുമാർ, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ഹരീഷ് എന്നിവർ സാക്ഷ്യം വഹിച്ചു.

## ഡാറ്റാ സയൻസ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ കേരള സർക്കാർ അംഗീകൃതവും നോർക്ക റൂട്ട്സ് അറ്റസ്റ്റേഷന് യോഗ്യവുമായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡാറ്റാ സയൻസ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആധുനിക കാലഘട്ടത്തിലെ തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന 6 മാസം ദൈർഘ്യമുള്ള ഈ കോഴ്സിന് പ്രോഗ്രാമിംഗിൽ അഭിരുചിയുള്ള ബിരുദധാരികൾക്കും ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനുമായി കെൽട്രോൺ നോളജ് സെന്റർ, ഗവ. ആയുർവേദ കോളേജിന് എതിർവശം റാംസമ്രാട്ട് ബിൽഡിംഗ്, ധർമ്മാലയം റോഡ്, തിരുവനന്തപുരം- 1 വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 4062500, 9446987943.